13
2025
മാർച്ച്
വ്യാഴം
കുംഭം 28

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.90 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-90 പേജ് 4. വില 2.00 രൂപ




02 വർണ്ണപ്പകിട്ട്' ട്രാൻസ്ജെൻഡർ ഫെസ്റ്റ് 16 ന് തുടങ്ങും
03 ഇന്ത്യ-കാനഡ നയതന്ത്ര ബന്ധം മെച്ചപ്പെടുത്താൻ തീരുമാനം
04 ആദിവാസി യുവതിയുടെ മരണം കൊലപാതകം; ഭർത്താവ് കസ്റ്റഡിയിൽ

# കടൽ മണൽ ഖനനം; കേന്ദ്രത്തിനെതിരെ സംയുക്ത പ്രതിഷേധം

ന്യൂഡൽഹി: കടൽ മണൽ ഖനന നീക്കത്തിൽ കേന്ദ്രസർക്കാരിനെതിരെ എൽഡിഎഫ് യുഡിഎഫ് സംയുക്ത പ്രതിഷേധം. ഫിഷറീസ് കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള മാർച്ച് കോൺഗ്രസ് സംഘടനാ ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാൽ എം.പി. ഉദ്ഘാടനം ചെയ്തു.



മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവകക്ഷി സംഘമായി പ്രധാനമന്ത്രിയെ കണ്ടു സംസ്ഥാനത്തിന്റെ ആശങ്ക അറിയിക്കുന്നതും കേരള മത്സ്യതൊഴിലാളി കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയിലുണ്ട്. കേന്ദ്ര സർക്കാരിന്റെ കടൽ മണൽ ഖനന അനുമതിക്ക് എതിരെ ഒറ്റക്കെട്ടായി കേരളത്തിലെ മത്സ്യത്തൊഴിലാളികൾ. എൽഡിഎഫും യുഡിഎഫും ഒരേവേദിയിൽ ഐക്യത്തോടെ അണിനിരന്നതോടെ മത്സ്യത്തൊഴിലാളി കോഓർഡിനേഷൻ കമ്മിറ്റി നടത്തിയ പാർലമെന്റ് മാർച്ചും ധർണയും കേന്ദ്രത്തിന് താക്കീതായി. കേരളാ ഹൗസിന് മുന്നിൽ നിന്നും പ്രകടനമായാണ് ജന്തർ മന്ദറിലെ സമര വേദിയിലേക്ക് പ്രതിഷേധക്കാർ എത്തിയത്. രാവിലെ 11 ന് ആരംഭിച്ച പ്രതിഷേധം ഉച്ചയ്ക്ക് ഒരുമണിക്ക് ശേഷമാണ് അവസാനിച്ചത്. സമരത്തിന് പിന്തുണയുമായി യുഡിഎഫ്എൽഡിഎഫ് എംപിമാർ സമരവേദിയിൽ എത്തി ഐക്യദാർഢ്യം പ്രഖ്യാപിച്ചു. എന്തു വിലകൊടുത്തും കേന്ദ്ര സർക്കാർ തീരുമാനത്തെ ചെറുക്കുമെന്ന് സമരം ഉദ്ഘാടനം ചെയ്ത ആലപ്പുഴ എംപി കെ സി വേണുഗോപാൽ പറഞ്ഞു. കേരളത്തിലെ പൊതു വിഷയങ്ങളിൽ ഭരണ പ്രതിപക്ഷങ്ങളുടെ ഐക്യം ശ്രദ്ധേയമെന്ന് സമരത്തെ അഭിസംബോധന ചെയ്ത എഐടിയുസി ജനറൽ സെക്രട്ടറി അമർജിത് കൗർ ചൂണ്ടിക്കാട്ടി. സമരസമിതി കൺവീനർ പി പി ചിത്തരഞ്ജൻ എംഎൽഎ അധ്യക്ഷത വഹിച്ചു. സിപിഐ (എം) ലോക്സഭാ കക്ഷി നേതാവ് കെ രാധാകൃഷ്ണൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

മത്സ്യത്തൊഴിലാളികളുടെ ജീവിതമാർഗവും കടലിന്റെ ആവാസ വ്യവസ്ഥയും തകർക്കാനുള്ള നീക്കമാണ് കടൽ ഖനനത്തിലൂടെ സംഭവിക്കുക. കേന്ദ്ര സർക്കാർ തീരുമാനത്തെ ചെറുക്കാൻ ജീവൻ തന്നെ നൽകാനും മത്സ്യത്തൊഴിലാളികൾ സന്നദ്ധരാണ്. തീരുമാനം നടപ്പാക്കാൻ ഒരു തരത്തിലും അനുവദിക്കില്ല. കടൽ മണൽ ഖനനം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ കണക്കിലെടുക്കാതെയാണ് തീരുമാനമെന്നും സമരത്തെ അഭിസംബോധന ചെയ്ത നേതാക്കൾ പറഞ്ഞു.

എംപിമാരായ പി സന്തോഷ് കുമാർ, പി പി സുനീർ, ജോൺ ബ്രിട്ടാസ്, വി ശിവദാസൻ, എ എ റഹീം, ജോസ് കെ മാണി, കെ സുധാകരൻ, കൊടിക്കുന്നിൽ സുരേഷ്, ബെന്നി ബഹനാൻ, ശശി തരൂർ, ആന്റോ ആന്റണി, ഇ ടി മുഹമ്മദ് ബഷീർ, അബ്ദുസമദ് സമദാനി, എം കെ രാഘവൻ, രാജ്മോഹൻ ഉണ്ണിത്താൻ, ഷാഫി പറമ്പിൽ, എൻ കെ പ്രേമചന്ദ്രൻ, ഹൈബി ഈഡൻ, ഹാരിസ് ബീരാൻ, പി വി അബ്ദുൽ വഹാബ്, സംയുക്ത മത്സ്യത്തൊഴിലാളി കോഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ ടി എൻ പ്രതാപൻ, വൈസ് ചെയർമാൻ ടി ജെ ആഞ്ചലോസ്, ടി രഘുവരൻ, എലിസബത്ത് അസീസി, ജാക്സൺ പൊള്ളയിൽ, ഉമ്മർ ഒട്ടുമ്മൽ, അനിൽ കളത്തിൽ, പനത്തുറ ബൈജു, പീറ്റർ മത്യാസ്, ചാൾസ് ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു. ഒമ്പത് തീരദേശ ജില്ലകളിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളാണ് സമരത്തിനെത്തിയത്. മുഖ്യമന്ത്രി പിണറായി വിജയൻ, സിപിഐ (എം) സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി എന്നിവർ സമരത്തിന് പിന്തുണ അറിയിച്ചതായി പ്രതാപൻ പറഞ്ഞു.

# പാകിസ്ഥാൻ ട്രെയിൻ റാഞ്ചൽ; ബന്ദികളെ രക്ഷപ്പെടുത്തി, 50 അക്രമികളെ വധിച്ചതായി അധികൃതർ

ക്വെറ്റ (പാകിസ്ഥാൻ): പാകിസ്ഥാനിലെ ട്രെയിൻ റാഞ്ചിയ വിഘടനവാദികളെ വധിച്ച് ബന്ദികളെ രക്ഷപ്പെടുത്തിയതായി പാക് അധികൃതർ. അസോസിയേറ്റ് പ്രസ് ആണ് ഇക്കാര്യം ആദ്യം റിപ്പോർട്ട് ചെയ്തത്. ട്രെയിൻ യാത്രക്കാരെ ബന്ദികളാക്കിയ വിഘടനവാദികൾക്കെതിരായ ഏറ്റുമുട്ടൽ അവസാനിച്ചതായി റിപ്പോർട്ടിൽ പറയുന്നു.



50 അക്രമികളും ബന്ദികളിൽ ചിലരും കൊല്ലപ്പെട്ടുവെന്നാണ് സൂചന. ഏറ്റുമുട്ടലിൽ സൈനികരും കൊല്ലപ്പെട്ടിട്ടുണ്ട് എന്നാൽ വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. ബന്ദികളാക്കപ്പെട്ട 300ൽ ഏറെ പേരെ രക്ഷപ്പെടുത്തി. ബന്ദികളിൽ എത്രപേർ കൊല്ലപ്പെട്ടുവെന്ന് വ്യക്തമല്ല.

ചൊവ്വാഴ്ചയാണ് 450 യാത്രക്കാരുമായി ക്വെറ്റയിൽ നിന്ന് പുറപ്പെട്ട ജാഫർ എക്സപ്രസ് ബലൂചിസ്ഥാൻ ലിബറേഷൻ ആർമി റാഞ്ചിയത്. ബലൂചിസ്ഥാൻ പ്രവിശ്യയിലെ ബോലാനിലെ ഒരു തുരങ്കത്തിനടുത്ത് വെച്ച് വെച്ച് റെയിൽ പാളം തകർത്താണ് ട്രെയിൻ റാഞ്ചിയത്. ജയിലിലടക്കപ്പെട്ട വിഘടനവാദികളെ വിട്ടയക്കണമെന്നായിരുന്നു ബിഎൽഎയുടെ ആവശ്യം.

ബന്ദികൾക്കൊപ്പം സ്ഫോടക വസ്തുക്കൾ ശരീരത്തിൽ ഘടിപ്പിച്ച ചാവേറുകൾ നിലയുറപ്പിച്ചതും. ട്രെയിൻ തടഞ്ഞിട്ട ഭൂപ്രദേശത്തിന്റെ സവിശേഷത കാരണവും ഏറ്റുമുട്ടലും രക്ഷാപ്രവർത്തനവും സങ്കീർണമാണെന്ന് അധികൃതർ നേരത്തെ വെളിപ്പെടുത്തിയിരുന്നു.

# ആറ്റുകാൽ പൊങ്കാല ഇന്ന്

തിരുവനന്തപുരം : ആറ്റുകാൽ പൊങ്കാലയ്ക്കൊരുങ്ങി തലസ്ഥാനം. കുംഭ മാസത്തിലെ പൂരം നാളും പൗർണമിയും ചേരുന്ന 13ന് രാവിലെ 10.15നാണ് അടുപ്പുവെട്ട്. 9.45ന് ശുദ്ധപുണ്യാഹത്തോടെ ചടങ്ങുകൾ ആരംഭിക്കും. കണ്ണകി ചരിതത്തിൽ പാണ്ഡ്യ രാജാവിന്റെ വധം പരാമർശിക്കുന്ന ഭാഗം തോറ്റംപാട്ടുകാർ ആലപിച്ചാലുടനെ, തന്ത്രി പരമേശ്വരൻ വാസുദേവൻ ഭട്ടതിരിപ്പാടിന്റെ സാന്നിധ്യത്തിൽ മേൽശാന്തി വി.മുരളീധരൻ നമ്പൂതിരി ശ്രീകോവിലിൽനിന്നു ദീപം പകർന്നു ക്ഷേത്ര തിടപ്പള്ളിയിലെ പൊങ്കാല അടുപ്പിൽ പകരും.

പണ്ടാര അടുപ്പ് ജ്വലിപ്പിച്ചതിന്റെ വിളംബരമായി ക്ഷേത്രത്തിനു സമീപം കരിമരുന്നു പ്രയോഗമുണ്ടാകും. പണ്ടാര അടുപ്പിൽനിന്ന് കത്തിച്ച അഗ്നി ഏറ്റുവാങ്ങി, സ്വന്തം അടുപ്പുകളിലേക്ക് പകരുന്ന മുഹൂർത്തം. ഒരാണ്ടുനീണ്ട കാത്തിരിപ്പിന് പ്രാർഥനകളോടെ അവസാനം.

ഉച്ചയ്ക്ക് 1.15ന് പൊങ്കാല നിവേദ്യം. രാത്രി 7.45ന് കുത്തിയോട്ട ബാലന്മാരെ ചൂരൽ കുത്തും. 11.15ന് മണക്കാട് ധർമശാസ്താ ക്ഷേത്രത്തിലേക്കു ദേവിയുടെ എഴുന്നള്ളത്ത്. അടുത്ത ദിവസം രാവിലെ 5ന് പൂജയ്ക്കു ശേഷം തിരിച്ചെഴുന്നള്ളത്ത്. രാത്രി 10ന് കാപ്പഴിക്കും. രാത്രി ഒന്നിനു നടക്കുന്ന കുരുതി സമർപ്പണത്തോടെ പൊങ്കാല ഉത്സവം സമാപിക്കും. മൺകലങ്ങളാണു പൊങ്കാല സമർപ്പണത്തിനു പ്രധാനമായും ഉപയോഗിക്കുന്നത്. തമിഴ്നാട്ടിലെ തക്കലയ്ക്കു സമീപം മുട്ടയ്ക്കാട്, തലക്കുളം, നാഗർകോവിലിനു സമീപം ചുങ്കാൻകട, താഴക്കുടി എന്നിവിടങ്ങളിൽ നിന്നാണ് ഇവ എത്തിക്കുന്നത്. പൊങ്കാലയ്ക്ക് ഉപയോഗിക്കുന്ന മൺകലങ്ങൾ ഐശ്വര്യത്തിന്റെ പ്രതീകമായി വീടുകളിൽ സൂക്ഷിക്കും. ഒരെണ്ണം മുതൽ നൂറു കലങ്ങളിൽ വരെ പൊങ്കാല സമർപ്പിക്കാറുണ്ട്.

ചുടുകട്ടയും വിറകുമെല്ലാം വഴിയോര വിപണിയിൽ ലഭ്യമാണ്. ഇവ വീട്ടിൽനിന്നു കൊണ്ടുവരുന്നവരുമുണ്ട്. ഗണപതിക്ക് വയ്ക്കുക എന്ന ആചാരത്തിന് ശേഷമാണ് അടുപ്പ് ഒരുക്കുന്നത്. ശർക്കര പായസമാണ് പ്രധാന നിവേദ്യം. പത്തോളം വിഭവങ്ങൾ തയാറാക്കി ഭക്തർ ദേവിക്ക് നിവേദിക്കും.

# വിഴിഞ്ഞം തുറമുഖം തുടർഘട്ട നിർമാണം ഉടൻ: മന്ത്രി

തിരുവനന്തപുരം: കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ലഭിച്ചതിനാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർഘട്ടങ്ങളുടെ നിർമാണം ഉടൻ ആരംഭിക്കുമെന്നു മന്ത്രി വി. എൻ. വാസവൻ നിയമസഭയിൽ അറിയിച്ചു.

2024 ഡിസംബറിൽ പ്രവർത്തനക്ഷമമായ ഒന്നാം ഘട്ടത്തിന്റെ പ്രതിവർഷ ശേഷി 10 ലക്ഷം കണ്ടെയ്നറാണ്. തുടർഘട്ടങ്ങളുടെ നിർമാണം പൂർത്തിയാകുമ്പോൾ തുറമുഖത്തിന്റെ ശേഷി പ്രതിവർഷം 30 ലക്ഷം കണ്ടെയ്നറാകും.

തിരുവനന്തപുരം ജില്ലയിൽ ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിംഗ് റോഡ്, വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാ ത്രികോണം മുതലായവ യുദ്ധകാലാടിസ്ഥാനത്തിൽ യാഥാർഥ്യമാക്കി തുറമുഖ നിർമാണ നേട്ടങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുള്ള പ്രാഥമികാനുമതികളും നൽകിയതായി അഹമ്മദ് ദേവർകോവിലിന്റെ ശ്രദ്ധക്ഷണിക്കലിന് മന്ത്രി മറുപടി നൽകി.

വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയാണ് ദേശീയപാതയുമായി ചേർന്ന് ഔട്ടർ റിംഗ് റോഡ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഈ റോഡുകൾക്ക് ഇരുവശവുമായി 2.5 കിലോമീറ്റർ പ്രദേശം വിവിധ വ്യവസായ-വാണിജ്യശാലകളും സ്ഥാപിക്കും. പ്രവർത്തനം പുരോഗമിക്കുന്ന മുറയ്ക്ക് എറണാകുളം മുതൽ തെക്കോട്ടുള്ള ഇതര ജില്ലകളിലും നിരവധി ലോജിസ്റ്റിക് പാർക്കുകളും വ്യവസായശാലകളും വരും.

കേന്ദ്രീകൃത തുറമുഖമായി വിഴിഞ്ഞത്തെ കണ്ട് ഇതര തുറമുഖങ്ങളിൽനിന്ന് വിഴിഞ്ഞത്തേക്കു ചരക്കുനീക്കം നടത്തുന്നതിനുള്ള നടപടികളും ആരംഭിക്കും. നോൺ മേജർ തുറമുഖങ്ങളായ വിഴിഞ്ഞം-കോവളം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ചരക്ക്-യാത്രാ കപ്പലുകൾ അടുപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം നിലവിലുണ്ട്.

വിദേശ കപ്പലുകൾ അടക്കം തുറമുഖത്തു വന്നു പോകാനാവശ്യമായ സെക്യൂരിറ്റി സർട്ടിഫിക്കറ്റായ ഐഎസ്പിഎസ് വിഴിഞ്ഞം-കോവളം, കൊല്ലം, ബേപ്പൂർ, അഴിക്കൽ തുറമുഖങ്ങൾക്ക് ഇതിനകംതന്നെ ലഭിച്ചു. തുറമുഖത്തുതന്നെ കസ്റ്റംസ് ക്ലിയറൻസ് ഉറപ്പാക്കാനുള്ള ഐഎസ്പി സർട്ടിഫിക്കേഷനും അഴീക്കൽ ഒഴികെയുള്ള തുറമുഖങ്ങൾക്കുണ്ട്. അഴീക്കൽ തുറമുഖത്തിനും ഐഎസ്പി സ്റ്റാറ്റസ് നേടിയെടുക്കാൻ ശ്രമം നടത്തുന്നു.

ബേപ്പൂർ തുറമുഖത്തിന്റെ ആഴംകൂട്ടൽ, അഡീഷണൽ വാർഫ് നിർമാണം, കൊല്ലം തുറമുഖത്തിന്റെ ആഴംകൂട്ടൽ, അഡീഷണൽ വാർഫ് നിർമാണം, പൊന്നാനി തുറമുഖത്ത് പുതിയ വാർഫ് നിർമാണം എന്നീ പ്രവൃത്തികൾ സാഗർമാല പദ്ധതിയിലൂടെയുള്ള കേന്ദ്രസഹായത്തോടുകൂടി നടപ്പാക്കാൻ പാരിസ്ഥിതിക ആഘാതപഠനം നടത്താൻ നടപടി സ്വീകരിച്ചു. പാരിസ്ഥിതിക ആഘാത അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിലേക്ക് പദ്ധതി സമർപ്പിച്ച് 50% സാമ്പത്തിക സഹായം നേടി പദ്ധതി നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

# മൂന്നുമാസത്തിനുള്ളിൽ തീരദേശത്ത് അതിദരിദ്രരുണ്ടാകില്ല: മന്ത്രി

തിരുവനന്തപുരം: മൂന്നു മാസത്തിനുള്ളിൽ കേരളത്തിന്റെ തീരമേഖലയെ അതിദരിദ്രരില്ലാത്ത മേഖലയാക്കി മാറ്റുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ. നിയമസഭയിൽ ധനാഭ്യർഥന ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം.

മത്സ്യമേഖലയിൽ 2317 പേരാണ് അതിദരിദ്രരുടെ പട്ടികയിൽ ഉണ്ടായിരുന്നത്. സർക്കാർ നടത്തിയ ക്ഷേമപ്രവർത്തനങ്ങളിലൂടെ എൺപത് ശതമാനംപേരും പട്ടികയിൽനിന്നു മാറി.

തൊഴിൽതീരം പദ്ധതിയിൽ ഇതുവരെ രജിസ്റ്റർ ചെയ്ത 27752 പേർക്ക് അടുത്ത ഒരു വർഷത്തിനുള്ളിൽ തൊഴിൽ നൽകും. മത്സ്യത്തൊഴിലാളി ഇൻഷുറൻസുമായി ബന്ധപ്പെട്ട് ആകെ 21 കേസുകൾ മാത്രമാണ് ഇനി തീർപ്പാക്കാനുള്ളത്.

വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുമായി ഉണ്ടാക്കിയ ധാരണ പൂർണമായും നടപ്പാക്കി. അവരുടെ പ്രശ്നങ്ങൾ ഓരോന്നായി പരിഹരിക്കുകയാണ്. വിഴിഞ്ഞം പദ്ധതി യാഥാർഥ്യമാകുന്നതോടെ പ്രദേശവാസികളായ തൊഴിലാളികളെയും സുരക്ഷിതമാക്കുന്നതിനുള്ള നടപടികളും പൂർത്തിയാകുമെന്നും മന്ത്രി നിയമസഭയിൽ വ്യക്തമാക്കി.



# വർണ്ണപ്പകിട്ട്' ട്രാൻസ്ജെൻഡർ ഫെസ്റ്റ് 16 ന് തുടങ്ങും

ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പൊതുസമൂഹത്തിൽ അവരുടെ ദൃശ്യതയും സ്വീകാര്യതയും വർദ്ധിപ്പിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന നാലാമത് 'വർണ്ണപ്പകിട്ട്' ട്രാൻസ്ജെൻഡർ ഫെസ്റ്റ് മാർച്ച് 16. 17 തീയതികളിൽ കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടത്തുമെന്ന് മന്ത്രി ഡോ. ആർ ബിന്ദു വാർത്താസമ്മേളനത്തിൽ അറിയിച്ചു.



ട്രാൻസ്ജെൻഡർ വ്യക്തികളുടെ അനന്യം കലാസംഘത്തിന്റെ ലോഗോ മന്ത്രി ഡോ. ആർ ബിന്ദു പ്രകാശനം ചെയ്യുന്നു

ട്രാൻസ്ജെൻഡർ ക്ഷേമത്തിന്റെ ഭാഗമായി തുടക്കം കുറിച്ച ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാസംഘമായ അനന്യത്തിന്റെ ആദ്യ അവതരണവും വർണ്ണപ്പകിട്ട് ഫെസ്റ്റിൽ സംഘടിപ്പിക്കും. വിവിധ മേഖലകളിൽ കഴിവു തെളിയിച്ച ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ആദരമർപ്പിക്കുന്ന വേദി കൂടിയാകും വർണ്ണപ്പകിട്ട് ട്രാൻസ്ജെൻഡർ ഫെസ്റ്റ്.

വരുംവർഷങ്ങളിൽ വർണ്ണപ്പകിട്ട് ട്രാൻസ്ജെൻഡർ ഫെസ്റ്റ് പുതിയ രൂപഭാവങ്ങളോടെ വിപുലമാക്കുമെന്നും കലോത്സവ മാതൃകയിൽ അടുത്ത ഫെസ്റ്റ് ആഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ കോഴിക്കോട് ജില്ലയിൽ നടത്തുമെന്നും മന്ത്രി പറഞ്ഞു.ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള നയം രൂപീകരിച്ചു നടപ്പിലാക്കിയ ഇന്ത്യയിലെ അദ്യ സംസ്ഥാനമാണ് കേരളം. ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണം, സാമൂഹ്യസുരക്ഷ, പുനരധിവാസം. ക്ഷേമം എന്നിവയ്ക്കായി 2025 - 2026 സാമ്പത്തിക വർഷത്തേക്ക് വിപുലമായ പ്രവർത്തനരേഖ തയ്യാറാക്കിയിട്ടുണ്ട്.

കേരള നോളജ് ഇക്കോണമി മിഷൻ നടപ്പാക്കുന്ന പ്രൈഡ് പദ്ധതിയുടെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പ്രത്യേക പരിശീലനപദ്ധതി നടപ്പാക്കും. വിജ്ഞാനതൊഴിൽ രംഗത്ത് അവസരം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയുടെ ഭാഗമായി നാലു മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ എയർപോർട്ട് ഓപ്പറേഷൻ പരിശീലന പരിപാടിയാണ് നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ 10 പേർക്കാണ് പരിശീലനം നൽകുന്നത്. നോളജ് ഇക്കോണമി മിഷന്റെ ട്രെയിനിങ് പാർട്ട്ണറായ അസാപ് കേരള ജിഎംആർ ഏവിയേഷൻ അക്കാദമിയുമായി ചേർന്നാണ് പരിശീലനം നൽകുന്നത്. ഏപ്രിലിൽ കോഴ്സ് ആരംഭിക്കുമെന്നും പദ്ധതിക്കായി 7.98 ലക്ഷം രൂപ സാമൂഹ്യ നീതി വകുപ്പ് അനുവദിച്ചതായും മന്ത്രി അറിയിച്ചു.

ട്രാൻസ്ജെൻഡർ വ്യക്തികളുടെ ദൈനംദിന അതിജീവനം ആഗോളതലത്തിൽ വെല്ലുവിളികൾ നിറഞ്ഞതാകുന്ന സാഹചര്യത്തിൽ കേരളം വ്യത്യസ്തമായ മാതൃകയൊരുക്കുകയാണ്. സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഭരണഘടനാവകാശങ്ങൾ സംരക്ഷിക്കാനും തുല്യനീതി ഉറപ്പാക്കാനും അവരുടെ പൊതുസ്വീകാര്യതയും ദൃശ്യതയും വർദ്ധിപ്പിക്കാനും ക്രിയാത്മകവും മാതൃകാപരവുമായ പ്രവർത്തനങ്ങളാണ് ഇക്കഴിഞ്ഞ വർഷങ്ങളിൽ നടത്തിവരുന്നത്.

ഇക്കഴിഞ്ഞ കാലത്തിനിടയിൽ സംഭവിച്ച മാറ്റങ്ങളും മുന്നേറ്റങ്ങളും വിലയിരുത്തി നൂതനമായ നിർദേശങ്ങളും ആശയങ്ങളും ക്രോഡീകരിച്ച് കാലോചിതമായി ട്രാൻസ്ജെൻഡർ നയം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ട്രാൻസ്ജെൻഡർ നയം വർണ്ണപ്പകിട്ട് 2025 - 2026 വേദിയിൽ പ്രകാശനം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് എറണാകുളം കേന്ദ്രമായി സജ്ജമാക്കിയിട്ടുള്ള ട്രാൻസ്ജെൻഡർ ക്രൈസിസ് ഇന്റർവെൻഷൻ സെന്ററിന്റെ പ്രവർത്തനോദ്ഘാടനം ഏപ്രിലിൽ നിർവ്വഹിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

നിയമസഭാ മീഡിയ റൂമിൽ നടന്ന വാർത്താസമ്മേളനത്തിൽ അനന്യം കലാസംഘത്തിന്റെ ലോഗോ മന്ത്രി പ്രകാശനം ചെയ്തു.

16 ന് വൈകിട്ട് നാലു മണിക്ക് മാനവീയം വീഥിയിൽ ആരംഭിക്കുന്ന ട്രാൻസ്ജെൻഡർ ഫെസ്റ്റ് വിളംബരഘോഷയാത്ര കനകക്കുന്നിൽ സമാപിക്കും. വർണ്ണപ്പകിട്ട് ട്രാൻസ്ജെൻഡർ ഫെസ്റ്റിന്റെയും, അനന്യം കലാസംഘത്തിന്റെയും ഔപചാരിക ഉദ്ഘാടനം വൈകിട്ട് 6:30 ന് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിക്കും.

വി കെ പ്രശാന്ത് എംഎൽഎ അദ്ധ്യക്ഷത വഹിക്കും. മാർച്ച് 17 ന് രാവിലെ 11 മണി മുതൽ, വിവിധ ജില്ലകളിൽ നിന്നുമുള്ള വന്നെത്തുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ വ്യത്യസ്തങ്ങളായ കലാപരിപാടികൾ വേദിയിൽ അരങ്ങേറും.

## അവാർഡുകൾ വിതരണം ചെയ്യും

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ മക്കൾക്ക് ഉള്ള ഉന്നത വിദ്യാഭ്യാസ അവാർഡ് വിതരണം മാർച്ച് 14 ന് ഉച്ചക്ക് 2 ന് തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ വച്ച് ബോർഡ് ചെയർമാൻ എൻ ചന്ദ്രൻ നിർവഹിക്കും. ക്ഷേമനിധി ബോർഡ് ഡയറക്ടർ ശശാങ്കൻ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ സ്മിത എസ് ആർ സ്വാഗതം ആശംസിക്കും. ആദ്യ ചാൻസിൽ ഉയർന്ന മാർക്ക് നേടി വിജയിച്ച ജില്ലയിലെ ആദ്യ 3 സ്ഥാനക്കാരായ വിദ്യാർഥികൾക്കാണ് അവാർഡ് നൽകുന്നത്. ഫോൺ : 0471 2729175.

## മത്സ്യത്തൊഴിലാളി ജാഗ്രത നിർദ്ദേശം

കേരള തീരത്ത് ഇന്നും (മാർച്ച് 12) ലക്ഷദ്വീപ് പ്രദേശത്ത് ഇന്നും നാളെയും (മാർച്ച് 12, 13) മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മാർച്ച് 12 ന് തെക്കൻ കേരള തീരത്ത് മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യത. മാർച്ച് 12 നും 13 നും ലക്ഷദ്വീപ് പ്രദേശത്ത് മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയണ്ടെന്നും അറിയിച്ചു.

## താൽപര്യപത്രം ക്ഷണിച്ചു

സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം കനകക്കുന്ന് പാലസിൽ വച്ച് ഏപ്രിൽ 21 മുതൽ 30 വരെ നടക്കുന്ന സഹകരണ എക്സ്പോ-2025 (മൂന്നാം എഡിഷൻ) നു ആവശ്യമായ ബാഗ്, ഉപഹാരങ്ങൾ, മൊമന്റോകൾ മറ്റു സാധനങ്ങൾ എന്നിവ തയ്യാറാക്കി നൽകുന്നതിനു താൽപര്യപത്രം ക്ഷണിക്കുന്നു. താല്പര്യമുള്ളവർ മാർച്ച് 20 നു രാവിലെ 11.30 ന് തിരുവനന്തപുരം, ജഗതി, ഡി.പി.ഐ.ജംഗ്ഷനിലുള്ള ജവഹർ സഹകരണ ഭവനിൽ എത്തണം. അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2330825, 9495656355 Website: cooperation.kerala.gov.in.

# യുവജന കമ്മീഷൻ യുവപ്രതിഭാ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

കേരള സംസ്ഥാന യുവജന കമ്മീഷൻ പ്രഥമ യുവപ്രതിഭാ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ശാരീരിക - മാനസിക പരിമിതികളെ അതിജീവിച്ച് സമൂഹത്തിൽ തങ്ങളുടെതായ ഇടം കണ്ടെത്തുകയും യുവതയ്ക്ക് പ്രചോദനമായി തീരുകയും ചെയ്ത യുവജനങ്ങൾക്കാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ യുവപ്രതിഭാ പുരസ്കാരം നൽകുന്നത്.

വൈകല്യത്തെ നീന്തി തോൽപിച്ച് ദേശീയ അന്തർ ദേശീയ പുരസ്കാരങ്ങൾ സ്വന്തമാക്കിയ മുഹമ്മദ് ആസിം വെളിമണ്ണ, കാഴ്ച പരിമിതിയെ അതിജീവിച്ച് ശാസ്ത്രീയ സംഗീതത്തിലും ഉപകരണ സംഗീതത്തിലും മികവു തെളിയിച്ച സിനിമാ പിന്നണി ഗായികയും ദേശീയ പുരസ്കാര ജേതാവുമായ ഫാത്തിമ അൻഷി, അക്കോണ്ട്രോപ്ലാസിയ എന്ന ജനിതക ശാരീരിക അവസ്ഥയെ അതിജീവിച്ച് പഠനത്തിൽ മുന്നേറി ഗ്ലാഡ് ബേക്ക്സ് എന്ന വ്യവസായ സംരംഭം തുടങ്ങിയ പാരാ അത്‌ലറ്റിക് സംസ്ഥാന മീറ്റിലെ മെഡൽ ജേതാവുമായ പ്രിയ മാത്യു എന്നിവർക്കാണ് പുരസ്കാരം.

മധ്യപ്രദേശിലെ ഗ്വാളിയോറിൽ വെച്ച് നടന്ന നാഷണൽ പാരാ സ്വിമ്മിങ്ങ് മത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ 52 കാറ്റഗറിയിൽ 50 മീറ്റർ, 100 മീറ്റർ ഫ്രീ സ്റ്റൈലിലും 50 മീറ്റർ ബാക്ക് സ്ട്രോക്കിലും(മത്സരിച്ച മൂന്നിനത്തിലും) അടക്കം 3 സ്വർണ്ണ മെഡലുകൾ കേരളത്തിന് വേണ്ടി കോഴിക്കോട് വെളിമണ്ണ സ്വദേശിയായ മുഹമ്മദ് ആസിം കരസ്ഥമാക്കിയിരുന്നു. യൂണിസെഫിന്റെ ചൈൽഡ് അച്ചീവർ അവാർഡും മുഹമ്മദ് ആസിമിന് ലഭിച്ചിരുന്നു.

സംസ്ഥാന സർക്കാരിന്റെ പ്രഥമ 'ഉജ്ജ്വലബാല്യം' പുരസ്കാര ജേതാവ് കൂടിയാണ് തിരുവനന്തപുരം കുന്നുകുഴി സ്വദേശിയായ ഫാത്തിമ അൻഷി. എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകൾ പൂർണമായും കംപ്യൂട്ടറിന്റെ സഹായത്തോടെ എഴുതി സമ്പൂർണ എ പ്ലസ് വിജയം നേടിയ അൻഷി ഫാത്തിമ നേത്രദാനത്തെ പ്രോത്സാഹിപ്പിക്കുന്നതടക്കമുള്ള നിരവധി ശ്രദ്ധേയമായ സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളിയാണ്. കേന്ദ്ര സാമൂഹികനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ ശ്രേഷ്ഠ ദിവ്യാംഗ് ബാലിക പുരസ്കാരവും രാഷ്ട്രപതിയിൽനിന്ന് ഏറ്റുവാങ്ങിയിട്ടുണ്ട്.

വികസന പഠനവും തദ്ദേശവികസനവും എന്ന വിഷയത്തിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ പ്രിയ മാത്യു കേരള സംസ്ഥാന പാര അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഷോട്ട്പുട്ടിനും ബാഡ്മിന്റണിലും സ്വർണമെഡലും ഡിസ്കസ് ത്രോയിൽ വെള്ളിമെഡലും കരസ്ഥമാക്കിയിരുന്നു. പത്തനംതിട്ട അടൂർ സ്വദേശിയായ പ്രിയ ഇന്ന് ചെറുപ്പക്കാർക്ക് മുഴുവൻ മാതൃകയും പ്രചോദനവുമായ സംരംഭക കൂടിയാണ്.

## ഗസ്റ്റ് ഫാക്കൽറ്റി നിയമനം

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ നീറ്റ് 2025 പരീക്ഷ പരിശീലനം നൽകുന്നതിനായി മണിക്കൂറിന് 500 രൂപ നിരക്ക് ഓണറേറിയം വ്യവസ്ഥയിൽ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി ഗസ്റ്റ് ഫാക്കൽറ്റിയെ ആവശ്യമുണ്ട്. നിശ്ചിത യോഗ്യതയും നീറ്റ് പരീക്ഷ പരിശീലനത്തിൽ പ്രാവീണ്യവും ഉള്ളവർക്ക് ുലരോ@ഴാമശഹ.രീ എന്ന മെയിൽ ഐഡിയിൽ മാർച്ച് 14 വരെ ബയോഡാറ്റ/ റെസ്യൂമേ സമർപ്പിക്കാം. ഫോൺ: 9048058810.

## എസ്.ഐ.ഇ.ടി അന്താരാഷ്ട്ര കോൺഫറൻസ് 14 ന് തുടങ്ങും

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (എസ്.ഐ.ഇ.ടി) സംഘടിപ്പിക്കുന്ന നാലാമത് അന്താരാഷ്ട്ര കോൺഫറൻസ് മാർച്ച് 14, 15 തീയതികളിൽ നടക്കും. സ്റ്റീം (ടഠഋഅങ) എഡ്യൂക്കേഷൻ ഇൻ എഡ്യൂക്കേഷണൽ ടെക്നോളജി എന്നതാണ് ഈ വർഷത്തെ പ്രമേയം. 14 ന് പ്രാഥമിക സെഷനുകളും ഗവേഷകർ തമ്മിലുള്ള പരസ്പര സംവാദവും നടക്കും.

തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ 15 ന് രാവിലെ 10 ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. ന്യൂയോർക്കിലെ ക്ലാർക്ക്സ്റ്റൺ സർവകലാശാല പ്രൊഫസർ ജാൻ ഡി വാട്ടേഴ്സ് മുഖ്യപ്രഭാഷണം നടത്തും.

തമിഴ്നാട് നാഷണൽ യൂണിവേഴ്സിറ്റി ഫാക്കൽറ്റി ഡോ. ബിജു. കെ അഡ്വാൻസിംഗ് സ്റ്റീം (STEAM) എഡ്യൂക്കേഷൻ ഇൻ സ്കൂൾസ് എന്ന വിഷയത്തിലും ഡോ. അച്യുത് ശങ്കർ എസ് നായർ യൂസ് ഓഫ് മെറ്റഫോർസ് ഇൻ ലേണിംഗ് ഇലക്ട്രോണിക്സ് എന്ന വിഷയത്തിലും പ്രഭാഷണങ്ങൾ നടത്തും. സ്കോൾ കേരള വൈസ് ചെയർമാൻ ഡോ. പ്രമോദ് പി, എസ്.ഇ.ആർ.ടി ഡയറക്ടർ ഡോ. ആർ. ജയപ്രകാശ്, എസ്.എസ്.കെ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ. എ.ആർ സുപ്രിയ, നവകേരള മിഷൻ ജോയിന്റ് കോഡിനേറ്റർ ഡോ. സി.രാമകൃഷ്ണൻ, കോൺഫ്രൻസ് ക്യൂറേറ്റർ ഡോ. രതീഷ് കാളിയാടൻ, കേരള സർവകലാശാല എഡ്യൂക്കേഷൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ദിവ്യ സി സേനൻ, എസ്.ഐ.ഇ.ടി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ഡോ. പി ഷീബ തുടങ്ങിയവർ വിവിധ സെഷനുകൾ നയിക്കും.

## മികച്ച നഴ്സുമാർക്കുള്ള അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു

2024 വർഷത്തെ മികച്ച നഴ്സുമാർക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷയുടേയും മറ്റ് അനുബന്ധരേഖയുടേയും നാലു കോപ്പികൾ വീതം സമർപ്പിക്കണം. സംസ്ഥാന നഴ്സസ് അവാർഡ് 2024 സംബന്ധിച്ച മാർഗനിർദേശങ്ങളും മറ്റു വിവരങ്ങളും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിലും ഡി.എച്ച്.എസ് വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകൾ, നോമിനേഷനുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മാർച്ച് 20.

## കോഡിങ് സ്കിൽസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയിൽ കോഡിങ് സ്കിൽസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. എൻ.സി.വി.ഇ.ടി അംഗീകൃതവും എൻ.എസ്.ക്യു.എഫ് ലെവൽ 5 യോഗ്യതയുള്ളതുമായ കോഴ്സിലേക്ക് പ്ലസ് ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. മാർച്ച് 22 ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://asapkerala.gov.in/course/coding-skills/ എന്ന ലിങ്ക് സന്ദർശിക്കുക. ഫോൺ : 9495999789.

## അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളജിലെ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെല്ലിന്റെ കീഴിൽ വെക്കേഷൻ ക്ലാസുകൾ ആരംഭിക്കും. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ), ഓട്ടോകാഡ് (2ഡി, 3ഡി), പ്രോഗ്രാമിങ് ലാംഗ്വേജസ്, ഡാറ്റാ എൻട്രി, ടാലി, ഡി.ടി.പി, അപ്പാരൽ ഡിസൈനിങ്, ബ്യൂട്ടീഷൻ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ആൺകുട്ടികൾക്കും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് നേരിട്ടോ 0471-2490670 എന്ന നമ്പരിലോ ബന്ധപ്പെടാം.

## കോഷൻ ഡെപ്പോസിറ്റ് വിതരണം ചെയ്യും

2014-15 മുതൽ 2021-22 അധ്യയന വർഷം വരെ കാഞ്ഞിരംകുളം സർക്കാർ കെ എൻ എം ആർട്സ് & സയൻസ് കോളേജിൽ ഡിഗ്രീ/പിജി ക്ലാസ്സുകളിൽ പ്രവേശനം നേടി കോഴ്സ് കാലാവധി പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് അഡ്മിഷൻ സമയത്ത് അടച്ച കോഷൻ ഡപ്പോസിറ്റ് തുക കോളേജിൽ നിന്നും വിതരണം ചെയ്യും.

അപേക്ഷയും സ്വന്തം പേരിലുള്ള ബാങ്ക് പാസ്ബുക്കിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഏപ്രിൽ 15ന് മുമ്പ് കോളേജ് ഓഫീസിൽ സമർപ്പിക്കണം.

നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ലെന്നും തുക സർക്കാരിലേക്ക് ഒടുക്കുമെന്നും കോളജ് അറിയിച്ചു.

വിശദവിവരങ്ങൾക്ക് 9745224246 എന്ന നമ്പറിലോ കോളേജ് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ നേരിട്ടോ ബന്ധപ്പെടാം.

# ഉയർന്ന തിരമാല – കള്ളക്കടൽ ജാഗ്രതാ നിർദേശം

കന്യാകുമാരി തീരത്ത് ഇന്ന് (12032025) വൈകിട്ട് 5.30 വരെ കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി ഉയർന്ന തിരമാലകൾ (1.2 മുതൽ 1.3 മീറ്റർ വരെ) കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം (INCOIS) അറിയിച്ചു.

കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്.

കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുള്ള ഘട്ടത്തിൽ കടലിലേക്ക് മത്സ്യബന്ധന യാനങ്ങൾ ഇറക്കുന്നത് പോലെ തന്നെ അപകടകരമാണ് കരക്കടുപ്പിക്കുന്നതും.

ആയതിനാൽ തിരമാല ശക്തിപ്പെടുന്ന ഘട്ടത്തിൽ കടലിലേക്ക് ഇറക്കുന്നതും കരക്കടുപ്പിക്കുന്നതും ഒഴിവാക്കണം. കചഇഛകട മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളിലും ശ്രദ്ധ പുലർത്തണം. മത്സ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കണം. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് വഴി കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കാം.

മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണം.

തീരശോഷണത്തിനു സാധ്യതയുള്ളതിനാൽ പ്രത്യേകം ജാഗ്രത പുലർത്തണം.

# പ്രിന്റിംഗ് ടെക്നോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയ്നിംഗും സംയുക്തമായി ആരംഭിക്കുന്ന പ്രിന്റിംഗ് ടെക്നോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

തിരുവനന്തപുരം എറണാകുളം കോഴിക്കോട് സെന്ററുകളിലാണ് കോഴ്സ് ആരംഭിക്കുന്നത്. സർക്കാർ അംഗീകാരമുള്ള കെ.ജി.ടി.ഇ പ്രീ പ്രസ്ഓപ്പറേഷൻ, കെ.ജി.ടി.ഇ പ്രസ് വർക്ക്, കെ.ജി.ടി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷകൾ ക്ഷണിച്ചത്.

അപേക്ഷകർ എസ്എസ്എൽസിയോ തത്തുല്യ യോഗ്യതയോ പാസായിരിക്കണം. പട്ടികജാതി/ പട്ടികവർഗ മറ്റുവിഭാഗക്കാർക്ക് നിയമാനുസൃതമായ ഫീസ് ആനുകൂല്യം ലഭ്യമാകും. ഒബിസി / എസ്.ഇ.ബി.സി/ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.

അപേക്ഷാ ഫോറം സെന്ററിൽ നിന്ന് നേരിട്ടും ഠഠഠ.രമുസേല്യമഹമ.രീ എന്ന സൈറ്റിൽ നിന്നും ലഭിക്കും. തപാൽ മുഖേന അയക്കുന്ന അപേക്ഷകൾ 135 രൂപ മണിഓർഡറായി മാനേജിംഗ് ഡയറക്ടർ ,കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയ്നിംഗ്, ട്രെയ്നിംഗ് ഡിവിഷൻ , സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം - 695024 എന്ന വിലാസത്തിൽ അയക്കണം.

വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷകൾ മാനേജിംഗ് ഡയറക്ടർ, സി-ആപ്ടിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതമായിരിക്കണം അപേക്ഷിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് 0471 2474720, 0471 2467728 .

## പാനൽ രൂപീകരിക്കുന്നു

ഭൂമിയേറ്റെടുക്കലിന്റെ പ്രാരംഭ നടപടിയായ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് ജില്ലാതല സോഷ്യൽ ഇമ്പാക്ട് അസസ്മെന്റ് ഏജൻസികളുടെ പ്രത്യേക പാനൽ രൂപീകരിക്കുന്നതിന് അം?ഗീകൃത ഏജൻസികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. യോ?ഗ്യത, പ്രവൃത്തിപരിചയരേഖകൾ സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ മാർച്ച് 29നകം കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിക്കണം.

കവറിന് പുറത്ത് 'ഭൂമി ഏറ്റെടുക്കൽ-സാമൂഹിക പ്രത്യാഘാത പഠന ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ' എന്ന് രേഖപ്പെടുത്തണം.

## അപേക്ഷ ക്ഷണിച്ചു

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) കോട്ടയത്ത് നടപ്പിലാക്കുന്ന പ്രോജക്റ്റിലേക്ക് സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കാനുള്ള അവസാന തീയതി മാർച്ച് 15 ആണ്. വിശദവിവരങ്ങൾക്ക്: http://nish.ac.in/others/career.

# ഇന്ത്യ-കാനഡ നയതന്ത്ര ബന്ധം മെച്ചപ്പെടുത്താൻ തീരുമാനം

ന്യൂഡൽഹി: ജസ്റ്റിൻ ട്രൂഡോയുടെ പടിയിറങ്ങലിനു പിന്നാലെ കാനഡയുമായുള്ള നയതന്ത്രബന്ധം മെച്ചപ്പെടുത്താനുള്ള നീക്കങ്ങളുമായി ഇന്ത്യ. പുതിയ പ്രധാനമന്ത്രിയായി അധികാരമേറ്റെടുത്ത മാർക്ക് കാർണി ഇന്ത്യയുമായുള്ള ബന്ധം മെച്ചപ്പെടുത്തുമെന്ന സൂചന നൽകിയതിനു പിന്നാലെയാണ് കേന്ദ്രസർക്കാർ നീക്കം.

ഇതിന്റെ ഭാഗമായി കാനഡയിലെ ഹൈക്കമ്മീഷണറെ പുനർനിയമിക്കാൻ ആലോചന തുടങ്ങി. ഇന്ത്യ പുറത്താക്കിയ കനേഡിയൻ നയതന്ത്ര പ്രതിനിധികൾക്കു പകരം പുതിയ നിയമനങ്ങൾ നടത്താൻ കാനഡയും നീക്കമാരംഭിച്ചിട്ടുണ്ട്.

കാനഡയിൽ വധിക്കപ്പെട്ട ഖലിസ്ഥാൻ വിഘടനവാദി നേതാവ് ഹർദീപ് സിംഗ് നിജ്ജാറുടെ കൊലപാതകത്തിൽ ഇന്ത്യൻ നയതന്ത്ര പ്രതിനിധികൾക്ക് പങ്കുണ്ടെന്ന തരത്തിൽ ട്രൂഡോ സർക്കാർ പ്രസ്താവനകൾ നടത്തിയതിനു പിന്നാലെയാണ് ഇന്ത്യ-കാനഡ ബന്ധം വഷളായത്.

2023 ജൂണിലാണ് ഹർദീപ് സിംഗ് നിജ്ജാർ കൊല്ലപ്പെട്ടത്. കൊലപാതകത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്കടക്കം നേരിട്ടു പങ്കുണ്ടെന്ന് കനേഡിയൻ സർക്കാർ കഴിഞ്ഞ വർഷം ആരോപണമുന്നയിച്ചിരുന്നു. നിജ്ജാറുടെ കൊലപാതകം ഇന്ത്യൻ നയതന്ത്ര പ്രതിനിധികളുടെ അറിവോടെയാണെന്ന് കഴിഞ്ഞ ഒക്ടോബറിൽ ട്രൂഡോയും ആരോപിച്ചിരുന്നു. ഇതിനു പിന്നാലെയാണ് കാനഡയിലെ ഹൈക്കമ്മീഷണറായിരുന്ന സഞ്ജയ് കുമാർ വർമയെ ഇന്ത്യ തിരിച്ചുവിളിക്കുകയും ഇന്ത്യയിലെ ആക്ടിംഗ് ഹൈക്കമ്മീഷണറടക്കം ആറ് കനേഡിയൻ നയതന്ത്രപ്രതിനിധികളെ പുറത്താക്കുകയും ചെയ്തത്.

ഇന്ത്യ-കാനഡ ബന്ധത്തിലുണ്ടായ വിള്ളലുകൾ പരിഹരിച്ചു ബന്ധം മെച്ചപ്പെടുത്തുമെന്നാണ് പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കുന്നതിന് ദിവസങ്ങൾക്കുമുന്പ് മാർക്ക് കാർണി പറഞ്ഞത്. കനേഡിയൻ സെക്യൂരിറ്റി ഇൻറലിജൻസ് സർവീസ് (സിഎസ്ഐഎസ്) മേധാവി ഡാനിയേൽ റോജർസ് രഹസ്യാന്വേഷണ തലവന്മാരുടെ യോഗത്തിൽ പങ്കെടുക്കാൻ അടുത്തയാഴ്ച ന്യൂഡൽഹിയിലെത്തുന്നുണ്ട്. അമേരിക്കയുടെ താരിഫ് യുദ്ധത്തിനെതിരേ വൈവിധ്യവത്കരണ നയത്തിലൂടെ ഏറ്റുമുട്ടുന്ന കാനഡ ഇന്ത്യയെ ഒരു പ്രധാന വ്യാപാര സഖ്യമായി പരിഗണിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# മണിപ്പുരിൽ വീടുകളും പള്ളികളും പുനർനിർമിക്കണം: ഫ്രാൻസിസ് ജോർജ്

ന്യൂഡൽഹി: മണിപ്പൂർ കലാപത്തിലെ ഇരകളുടെ ദുരിതാശ്വാസത്തിനും പുനരധിവാസത്തിനും പുറമേ, തകർക്കപ്പെട്ട പള്ളികൾ അടക്കമുള്ള ആരാധനാലയങ്ങളുടെ പുനർനിർമാണത്തിനുമുള്ള ബജറ്റിലെ തുക തീർത്തും അപര്യാപ്തമെന്ന് കെ. ഫ്രാൻസിസ് ജോർജ് എംപി.

ഭവനരഹിതർക്ക് വീടുകൾ നിർമിച്ചു നൽകുന്നതിനും തകർക്കപ്പെട്ട പള്ളികളുടെ പുനർനിർമാണത്തിനും മതിയായ തുക അനുവദിക്കണമെന്ന് ലോക്‌സഭയിൽ മണിപ്പൂർ ബജറ്റ് ചർച്ചയിൽ ഫ്രാൻസിസ് ജോർജ് ആവശ്യപ്പെട്ടു. മണിപ്പുരിൽ ഭരണഘടനാക്രമം നിലനിർത്തുന്നതിലും പൗരന്മാരെ സംരക്ഷിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടു. ക്രൂരമായ അക്രമത്തിനിരയായ ക്രൈസ്തവർ ഉൾപ്പെടെയുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ബജറ്റ് പരാജയപ്പെട്ടു. അടിയന്തര മാനുഷിക ആവശ്യങ്ങൾക്കു മതിയായ പരിഗണനപോലുമുണ്ടായില്ല.

ഇരകളുടെ ദുരിതാശ്വാസത്തിനും പുനരധിവാസത്തിനുമായി 157 കോടി മാത്രം അനുവദിച്ചത് തീർത്തും അപര്യാപ്തമാണ്. അക്രമത്തിൽ ഭവനരഹിതരായവർക്കു പാർപ്പിടം, ഭക്ഷണം, വൈദ്യസഹായം എന്നിവയ്ക്കു മതിയായ പണം അനുവദിക്കണം. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് കേന്ദ്രം ഉറപ്പാക്കണമെന്നും ഫ്രാൻസിസ് ജോർജ് ആവശ്യപ്പെട്ടു. മണിപ്പുരിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനും ജനാധിപത്യ ഭരണം പുനഃസ്ഥാപിക്കുന്നതിനും വ്യക്തമായ കർമപദ്ധതി പ്രഖ്യാപിക്കണം. സംഘർഷത്തിന്റെ മൂലകാരണങ്ങൾ കണ്ടെത്തി പരിഹരിക്കുകയാണു പ്രധാനം. അനുരഞ്ജനത്തിനും വികസനത്തിനുമുള്ള ആത്മാർഥമായ ശ്രമങ്ങളില്ലാതെ രാഷ്ട്രപതി ഭരണത്തിലൂടെ മാത്രം ശാശ്വത സമാധാനം കൊണ്ടുവരാൻ കഴിയില്ലെന്നും ഫ്രാൻസിസ് ജോർജ് ചൂണ്ടിക്കാട്ടി.

അതേസമയം, മണിപ്പുരിൽ ഏർപ്പെടുത്തിയ രാഷ്ട്രപതിഭരണത്തിന് പാർലമെൻറിന്റെ അനുമതി നേടുന്നതിനുമുന്പ് ബജറ്റ് അവതരിപ്പിച്ചതും ചർച്ച ചെയ്തതും പാസാക്കുന്നതും ഭരണഘടനാപരമായി തെറ്റും പാർലമെൻററി കീഴ്‌വഴക്കങ്ങളുടെ ഗുരുതര ലംഘനവുമാണെന്നു ചൂണ്ടിക്കാട്ടി എൻ. കെ. പ്രേമചന്ദ്രൻ എംപി ലോക്‌സഭയിൽ ക്രമപ്രശ്നം ഉന്നയിച്ചു. എന്നാൽ അപാകതയില്ലെന്നായിരുന്നു സ്പീക്കർ ഓം ബിർളയുടെ റൂളിംഗ്.

# രേവന്ത് റെഡ്ഡിക്കെതിരേ വിമർശനം; ഹൈദരാബാദിൽ മാധ്യമപ്രവർത്തക അറസ്റ്റിൽ

ഹൈദരാബാദ്: തെലുങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡിയെ വിമർശിച്ചതിന് മാധ്യമപ്രവർത്തക അറസ്റ്റിൽ. രേവതി പൊഗദാദന്തയാണ് അറസ്റ്റിലായത്. അപകീർത്തിപ്പെടുത്തുന്ന രീതിയിൽ യൂട്യൂബ് ചാനലിൽ വീഡിയോ പങ്കുവച്ചു എന്നാരോപിച്ചാണ് അറസ്റ്റ്.

രേവതിയുടെ സഹപ്രവർത്തക തൻവി യാദവിനെയും അറസ്റ്റ് ചെയ്തിരുന്നു. യൂട്യൂബ് ചാനലിന്റെ ഓഫീസ് പോലീസ് സീൽ ചെയ്യുകയും ചെയ്തു. രേവതിയുടെയും ഭർത്താവ് ചൈതന്യയുടെയും ലാപ്ടോപ്പും മൊബൈൽ ഫോണുകളും പോലീസ് പിടിച്ചെടുത്തിട്ടുമുണ്ട്. പുലർച്ചെ നാലോടെ വീട്ടിലെത്തിയാണ് പോലീസ് രേവതിയെ അറസ്റ്റ് ചെയ്തത്.

പോലീസ് എന്റെ വാതിലിനരികെ എന്ന അടിക്കുറിപ്പോടെ ഇതിന്റെ വീഡിയോയും അവർ പങ്കുവച്ചിരുന്നു. വീഡിയോ എക്സിൽ പങ്കുവെച്ച രേവന്ത് റെഡ്ഡി നിയമനടപടിയുമായി മുന്നോട്ടുപോകുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. തുടർന്ന് കോൺഗ്രസ് പ്രവർത്തകർ നൽകിയ പരാതിയിലാണ് പോലീസ് കേസെടുത്തത്.

# നൈജീരിയയിൽ കത്തോലിക്കാ വൈദികൻ കൊല്ലപ്പെട്ടു

അബുജ: വടക്കൻ നൈജീരിയയിലെ കദുന സംസ്ഥാനത്ത് അക്രമികൾ തട്ടിക്കൊണ്ടുപോയ കത്തോലിക്കാ വൈദികനെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. കഫഞ്ചൻ അതിരൂപതാംഗമായ ഫാ. സിൽവെസ്റ്റർ ഒകെചുക്വു(45)വാണ് കൊല്ലപ്പെട്ടത്.

അതിരൂപതയിലെ തച്ചിറയിലുള്ള സെൻറ് മേരീസ് ഇടവകയിലെ വൈദികമന്ദിരത്തിൽനിന്ന് കഴിഞ്ഞ നാലിന് അക്രമികൾ തട്ടിക്കൊണ്ടുപോയ ഫാ. സിൽവസ്റ്ററിനെ വിഭൂതി ബുധനാഴ്ചയാണു കൊല്ലപ്പെട്ടനിലയിൽ കണ്ടെത്തിയത്.

ഫാ. സിൽവെസ്റ്ററിന്റെ കൊലപാതകത്തിനു പിന്നിലെ കാരണങ്ങൾ വ്യക്തമല്ല. അദ്ദേഹത്തെ കൊലചെയ്തവർക്കായുള്ള അന്വേഷണം ആരംഭിച്ചുകഴിഞ്ഞുവെന്ന് കദുന സംസ്ഥാനത്തെ പോലീസ് മേധാവികൾ അറിയിച്ചു.

തെക്കൻ നൈജീരിയയിലെ എഡോ സംസ്ഥാനത്തുള്ള ഔചി രൂപതയിലെ ഫിലിപ്പ് എകേലി എന്ന വൈദികനെയും പീറ്റർ ആൻഡ്രൂ എന്ന വൈദികവിദ്യാർഥിയെയും കഴിഞ്ഞ രണ്ടിന് അർധരാത്രി അക്രമികൾ തട്ടിക്കൊണ്ടുപോയിരുന്നു. നൈജീരിയയിലെ യോല, ജലിങ്കോ രൂപതകളിൽനിന്നായി ഫെബ്രുവരി 22ന് തട്ടിക്കൊണ്ടുപോകപ്പെട്ട മറ്റു രണ്ടു വൈദികരെ ഇതുവരെയും കണ്ടെത്താനായിട്ടില്ല. ഭീകരസംഘടനകളുടെ പിന്തുണയുള്ള സായുധഗ്രൂപ്പുകൾ നൈജീരിയയിൽ ക്രൈസ്തവർക്കു വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്.

# അമേരിക്ക സാന്പത്തികമാന്ദ്യത്തിലേക്കെന്നു സൂചന; ഓഹരിവിപണികൾ ഇടിഞ്ഞു

വാഷിംഗ്ടൺ ഡിസി: അമേരിക്ക സാന്പത്തികമാന്ദ്യത്തിലേക്കു പോകുകയാണെന്ന സൂചനകൾക്കിടെ ഓഹരിവിപണികളിൽ പ്രതിഫലനം.

സാന്പത്തികമാന്ദ്യ സാധ്യത തള്ളിക്കളയുന്നില്ലെന്ന് ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ പ്രസിഡൻറ് ഡോണൾഡ് ട്രംപ് വ്യക്തമാക്കുകകൂടി ചെയ്തതോടെയാണ് യുഎസ് ഓഹരികൾ കുത്തനേ ഇടിഞ്ഞത്.

പ്രമുഖ യുഎസ് കന്പനികളായ ടെസ്‌ലയുടെ ഓഹരിവില 15.4 ശതമാനവും എൻവിഡിയയുടെ ഓഹരിവില 5.07 ശതമാനവും ഇടിഞ്ഞപ്പോൾ മൈക്രോസോഫ്റ്റ് ഓഹരികൾ 3.34 ശതമാനവും ഡെൽറ്റ എയർ ലൈൻ ഓഹരികൾ 5.5 ശതമാനവും ഇടിഞ്ഞു.

യൂറോപ്യൻ ഓഹരിവിപണികളും ഇടിഞ്ഞെങ്കിലും വൈകാതെ തിരിച്ചുകയറി. യുഎസ് ഓഹരികളിലെ തകർച്ച ഏഷ്യൻ വിപണിയിലും പ്രതിഫലിച്ചു. ജപ്പാനിലെയും ദക്ഷിണകൊറിയയിലെയും ഹോങ്കോംഗിലെയും ഓഹരിവിപണികൾ വലിയ നഷ്ടം നേരിട്ടു. ഇന്ത്യൻ ഓഹരിവിപണി ഇന്നലെ വ്യാപാരം അവസാനിപ്പിച്ചത് നഷ്ടത്തിലാണ്. എന്നാൽ, ചൈനയിലെ ഓഹരിവിപണിയിൽ ചലനമൊന്നുമുണ്ടായില്ല.

കഴിഞ്ഞ 40 വർഷത്തിനിടെ ഏറ്റവും വലിയ പണപ്പെരുപ്പമാണ് അമേരിക്ക ഇപ്പോൾ നേരിടുന്നത്. ട്രംപ് ഭരണകൂടത്തിന്റെ വ്യാപകമായ താരിഫ് നയങ്ങളും സർക്കാരിന്റെ ചെലവ് ചുരുക്കലുമാണ് അമേരിക്കയിൽ ഇത്രത്തോളം മാന്ദ്യഭീതി വർധിപ്പിച്ചതിലെ പ്രധാന ഘടകം. ചൈന, മെക്സിക്കോ, കാനഡ ഉൾപ്പെടെയുള്ള പ്രധാന അമേരിക്കൻ വ്യാപാര പങ്കാളികളെ ലക്ഷ്യമിട്ടു ട്രംപ് നടത്തിയ നീക്കങ്ങളും തിരിച്ചടിച്ചു.

ഡോണൾഡ് ട്രംപ് അധികാരത്തിലേറി മൂന്നു മാസമാകുമ്പോഴാണ് അമേരിക്കൻ സമ്പദ്‌വ്യവസ്ഥ മാന്ദ്യത്തിലേക്ക് ചുവടുവയ്ക്കുന്നതായ വാർത്തകൾ പുറത്തുവരുന്നത്. ഈ വർഷം കാര്യമായ വെല്ലുവിളികൾ തന്നെ രാജ്യം നേരിടുമെന്ന ആശങ്കകളാണിപ്പോൾ ഉയരുന്നത്. ചില പ്രധാന സാമ്പത്തിക സൂചകങ്ങൾ മാന്ദ്യത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ടെങ്കിലും സമ്പദ്‌വ്യവസ്ഥ ശരിയായ പാതയിലാണെന്നാണ് ട്രംപ് ഭരണകൂടത്തിന്റെ ആത്മവിശ്വാസം.

ബ്ലൂംബെർഗിന്റെ റിപ്പോർട്ടനുസരിച്ച് 2021 ഓഗസ്റ്റിനുശേഷമുള്ള ഏറ്റവും വലിയ പ്രതിമാസ ഇടിവാണ് അമേരിക്കയുടെ ഉപഭോക്തൃ ആത്മവിശ്വാസത്തിലുണ്ടായത്.

അതേസമയം, മാന്ദ്യത്തിനുള്ള സാധ്യത യുഎസ് വാണിജ്യ സെക്രട്ടറി ഹോവാർഡ് ലുട്നിക് തള്ളിക്കളഞ്ഞു. അമേരിക്കൻ ജനതയ്ക്കുവേണ്ടി ട്രംപ് വിജയം കൈവരിക്കുമെന്നും രാജ്യത്ത് മാന്ദ്യമുണ്ടാകില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

# കേന്ദ്രത്തിനു തുക തിരിച്ചടയ്ക്കാനുള്ള ബാധ്യത വിഴിഞ്ഞം പദ്ധതിക്കു മാത്രം

ന്യൂഡൽഹി: അടിസ്ഥാനസൗകര്യ പദ്ധതികൾ ലാഭകരമാക്കാൻ കേന്ദ്രസർക്കാർ അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് തിരിച്ചടയ്ക്കാനുള്ള ബാധ്യത കേരളത്തിനു മാത്രം.

വിജിഎഫ് അനുവദിച്ച പദ്ധതികളിൽ വരുമാനത്തിൽനിന്ന് കേന്ദ്രത്തിന് പ്രീമിയം തുക പങ്കിടണമെന്ന അധിക വ്യവസ്ഥയുള്ളത് വിഴിഞ്ഞം പദ്ധതിക്കു മാത്രമാണെന്ന് രാജ്യസഭയിൽ ജോൺ ബ്രിട്ടാസ് ഉന്നയിച്ച ചോദ്യത്തിന് കേന്ദ്രധന മന്ത്രാലയം നൽകിയ മറുപടിയിൽനിന്നു വ്യക്തമായി.

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ആകെ ചെലവ് (ടിപിസി) 4089 കോടി രൂപയാണെന്ന് കേന്ദ്രം മറുപടിയിൽ ചൂണ്ടിക്കാട്ടി. പദ്ധതിച്ചെലവിന്റെ 20 ശതമാനമായ 818 കോടി രൂപ വിജിഎഫിലെ കേന്ദ്രസർക്കാരിന്റെ സംഭാവനയാണ്.

ഏകദേശം ഇത്രത്തോളം തുക വിജിഎഫിലെ സംസ്ഥാനത്തിന്റെ പങ്കായി കേരള സർക്കാരും സംഭാവനയായി നൽകിയിട്ടുണ്ട്. പ്രീമിയം-ഷെയറിംഗ് വ്യവസ്ഥ പ്രകാരം 2034 മുതൽ പദ്ധതിയിൽനിന്ന് കേരള സർക്കാരിന് ലഭിക്കുന്ന തുകയിലെ 20 ശതമാനം പ്രീമിയം കേന്ദ്രത്തിനു തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയുണ്ട്. കേന്ദ്രസർക്കാർ വിജിഎഫിലൂടെ അനുവദിച്ച തുക പദ്ധതിലാഭത്തിന്റെ അന്നത്തെ മൂല്യമനുസരിച്ച് തിരിച്ചടയ്ക്കുന്നതുവരെയോ പദ്ധതി നടത്തിപ്പിന്റെ കൺസഷൻ കാലാവധി അവസാനിക്കുന്നതുവരെയോ കേരളം തിരിച്ചു നൽകണമെന്നാണു നിബന്ധന.

എന്നാൽ വിജിഎഫ് ഗ്രാൻറ് അനുവദിച്ചിരിക്കുന്നതിൽ കേന്ദ്രത്തിന് വരുമാനം പങ്കിടാനുള്ള ബാധ്യത ഏതൊക്കെ പദ്ധതികൾക്കുണ്ടെന്ന ബ്രിട്ടാസിന്റെ ചോദ്യത്തിന് വിഴിഞ്ഞം പദ്ധതിക്കു മാത്രമാണെന്നാണ് കേന്ദ്രം നൽകിയ മറുപടിയിലുള്ളത്.

# ജസ്റ്റീസ് ജോയ്മല്യ ബാഗ്ചി സുപ്രീം കോടതി ജഡ്ജി

ന്യൂഡൽഹി: കോൽക്കത്ത ഹൈക്കോടതി ജഡ്ജി ജോയ്മല്യ ബാഗ്ചിയെ സുപ്രീംകോടതി ജഡ്ജിയായി നിയമിച്ചു. ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ കൊളീജിയത്തിന്റെ ശിപാർശയ്ക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയതോടെ നിയമനം പ്രാബല്യത്തിൽ വന്നു. കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാളാണ് പുതിയ ജഡ്ജിയുടെ നിയമനം രാഷ്ട്രപതി ശരിവച്ചതായി സമൂഹമാധ്യമമായ എക്സിലൂടെ അറിയിച്ചത്.

2013 ജൂലൈ 18ന് ജസ്റ്റീസ് അൽത്തമാസ് കബീർ ചീഫ് ജസ്റ്റീസ് സ്ഥാനത്തുനിന്ന് വിരമിച്ചതിനുശേഷം കോൽക്കത്ത ഹൈക്കോടതിയിൽനിന്ന് ചീഫ് ജസ്റ്റീസ് ഉണ്ടായിട്ടില്ല എന്ന വസ്തുത പരിഗണിച്ചാണ് ബാഗ്ചിയെ കൊളീജിയം ശിപാർശ ചെയ്തത്.

പുതിയ ജഡ്ജിയുടെ നിയമനത്തോടെ സുപ്രീംകോടതി ജഡ്ജിമാരുടെ എണ്ണം 33 ആയി ഉയർന്നു. ഇതോടെ ആകെ 34 ജഡ്ജിമാരുള്ള സുപ്രീംകോടതിയിൽ ഒരു ഒഴിവുകൂടിയേ നികത്താനുള്ളൂ. ആറു വർഷമായിരിക്കും ബാഗ്ചിയുടെ സുപ്രീംകോടതിയിലെ സേവനകാലാവധി. 2031 മേയ് 26 മുതൽ വിരമിക്കുന്ന ഒക്ടോബർ രണ്ടുവരെ സുപ്രീംകോടതി ചീഫ് ജസ്റ്റീസായും അദ്ദേഹം സേവനമനുഷ്ഠിക്കും.

# ലോകത്തിലെ ഏറ്റവും മലിനമായ 20 നഗരങ്ങളിൽ 13ഉം ഇന്ത്യയിൽ

ന്യൂഡൽഹി: ലോകത്തിലെ ഏറ്റവും മലിനമായ 20 നഗരങ്ങളിൽ 13ഉം ഇന്ത്യയിലാണെന്നു റിപ്പോർട്ട്.

ലോകത്തിലെ ഏറ്റവും മലിനമായ നഗരം ആസാമിലെ ബൈർണിഹത്ത് ആണെന്നും ലോകത്തിലെ ഏറ്റവും മലിനമായ തലസ്ഥാനനഗരം ഡൽഹിയാണെന്നും റിപ്പോർട്ടിൽ പറയുന്നു.

സ്വിറ്റ്സർലൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന വായുനിലവാര സാങ്കേതിക കന്പനിയായ ഐക്യു എയർ പുറത്തിറക്കിയ 2024 ആഗോള വായുനിലവാര റിപ്പോർട്ടിലാണ് രാജ്യത്തെ ശ്വാസം മുട്ടിക്കുന്ന വിവരങ്ങൾ പുറത്തുവിട്ടിരിക്കുന്നത്.

2024ൽ ലോകത്തെ ഏറ്റവും മലിനമായ അഞ്ചാമത്തെ രാജ്യം ഇന്ത്യയാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 2023ലെ റിപ്പോർട്ടിൽ മലിനമായ രാജ്യങ്ങളുടെ പട്ടികയിൽ മൂന്നാമതായിരുന്നു ഇന്ത്യയുടെ സ്ഥാനം.

സെൻട്രൽ ആഫ്രിക്കൻ രാജ്യമായ ഛാഡിന്റെ തലസ്ഥാനമായ ഇൻജനിമയാണ് കഴിഞ്ഞ വർഷത്തെ ഏറ്റവും മലിനമായ നഗരം. ബൈർണിഹത്തിനു പുറമേ ഡൽഹി, മുല്ലൻപുർ, ഫരീദാബാദ്, ലോനി, ന്യൂഡൽഹി, ഗുരുഗ്രാം, ഗംഗാനഗർ, ഗ്രേറ്റർ നോയിഡ, ബിവാഡി, മുസാഫർനഗർ, ഹനുമാൻഗഡ്, നോയിഡ എന്നിവയാണ് പട്ടികയിൽ ഇടം പിടിച്ച മലിനമായ ഇന്ത്യൻ നഗരങ്ങൾ.

ലോകത്തെ മലിനമായ 20 നഗരങ്ങളിൽ അയൽരാജ്യങ്ങളായ പാക്കിസ്ഥാനിൽനിന്ന് നാല് നഗരങ്ങളും ചൈനയിൽനിന്ന് ഒരു നഗരവും ഇടം പിടിച്ചിട്ടുണ്ട്.

# ജാർഖണ്ഡിൽ പോലീസുമായുള്ള ഏറ്റുമുട്ടലിൽ കൊടും കുറ്റവാളി അമൻ സാവോകൊല്ലപ്പെട്ടു

ജാർഖണ്ഡ്: പോലീസ് കസ്റ്റഡിയിൽനിന്നു മോചിപ്പിക്കാൻ ശ്രമിക്കുന്നതിനിടെ കൊടും കുറ്റവാളി ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു.

ചത്തീസ്ഗഡിലെ റായ്പുരിൽ റിമാൻഡിൽ കഴിഞ്ഞിരുന്ന അമൻ സാവോയെ തീവ്രവാദ വിരുദ്ധ സ്ക്വാഡ് (എടിഎസ്) റാഞ്ചിയിലേക്കു കൊണ്ടുവരുന്നതിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്.

അമൻ സാവോയെ കൊണ്ടുപോയ പോലീസ് വാഹനം രാംഗഡ് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പലാമുവിൽവച്ച് ഇയാളുടെ സംഘാംഗങ്ങൾ ബോംബെറിഞ്ഞ് ഭീതിപരത്തിയശേഷം ആക്രമിക്കുകയായിരുന്നു. തുടർന്ന് പോലീസും ഗുണ്ടാസംഘവും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ അമൻ സാവോ കൊല്ലപ്പെടുകയായിരുന്നു.

സുരക്ഷാ ഭടനിൽനിന്ന് തോക്ക് കൈവശപ്പെടുത്തി പോലീസിനുനേരെ വെടിയുതിർക്കുന്നതിനിടെയാണ് അമൻ സാവോ കൊല്ലപ്പെട്ടതെന്ന് പോലീസ് ഉദ്യോഗസ്ഥർ പറഞ്ഞു. ഏറ്റുമുട്ടലിൽ ഒരു പോലീസുകാരന് പരിക്കുണ്ട്. കൊല്ലപ്പെട്ട അമന്റെ പേരിൽ 150ൽപരം കേസുകളാണുണ്ടായിരുന്നത്.

# പാക്കിസ്ഥാനിൽ ഭീകരർ റാഞ്ചിയ ട്രെയിനിൽനിന്ന് 104 പേരെ മോചിപ്പിച്ചു

കറാച്ചി: പാക്കിസ്ഥാനിൽ ഭീകരർ ബന്ദികളാക്കിയ 104 പേരെ മോചിപ്പിച്ചു. സൈന്യവുമായുള്ള ഏറ്റുമുട്ടലിൽ 16 ഭീകരർ കൊല്ലപ്പെട്ടു. 20 പാക് സൈനികരും കൊല്ലപ്പെട്ടതായാണ് വിവരം. പാക്കിസ്ഥാനിലെ ബലൂചിസ്ഥാനിൽ ആണ് ഭീകരർ എക്സ്പ്രസ് ട്രെയിൻ ആക്രമിച്ചു പിടിച്ചെടുത്ത് ഇരുനൂറിൽപരം യാത്രക്കാരെ ബന്ദികളാക്കിയത്. ക്വെറ്റയിൽനിന്നു പെഷവാറിലേക്കു പോയ ജാഫർ എക്സ്പ്രസാണ് പെഹ്റോ കുൻറിക്കും ഗാദലറിനു മധ്യേ ആക്രമിക്കപ്പെട്ടത്. ട്രെയിൻ ആക്രമണത്തിന്റെ ഉത്തരവാദിത്വം ബലൂചിസ്ഥാൻ ലിബറേഷൻ ആർമി (ബിഎൽഎ) ഏറ്റെടുത്തു. പാക്കിസ്ഥാൻ, യുകെ, അമേരിക്ക എന്നീ രാജ്യങ്ങൾ നിരോധിച്ച സംഘടനയാണ് ബിഎൽഎ.

# നിർമലാ സീതാരാമനും മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ച അവസാനിച്ചു; ആശാസമരം ചർച്ചയായില്ല

ന്യൂഡൽഹി: മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമനുമായുള്ള കൂടിക്കാഴ്ച അവസാനിച്ചു. പ്രഭാത ഭക്ഷണത്തിന് ശേഷമാണ് ധനമന്ത്രി കേരളാഹൗസിൽനിന്ന് മടങ്ങിയത്.

കൂടിക്കാഴ്ച 50 മിനിറ്റോളം നീണ്ടു. വയനാട് പുനരധിവാസത്തിനുള്ള വായ്പാ വിനിയോഗ തുകയുടെ കാലാവധി നീട്ടണം, വിഴിഞ്ഞം തുറമുഖത്തിന് കൂടുതൽ വികസന സഹായം നൽകണം, കടമെടുപ്പ് പരിധി മൂന്നര ശതമാനമായി ഉയർത്തണം തുടങ്ങിയ ആവശ്യങ്ങൾ കേരളം ഉന്നയിച്ചിട്ടുണ്ട്.

എയിംസ്, ജിഎസ്ടി നഷ്ടപരിഹാരം തുടങ്ങിയ വിഷയങ്ങളും കൂടിക്കാഴ്ചയിൽ ചർച്ചയായി. അതേസമയം ആശാ വർക്കർമാർ നടത്തുന്ന സമരം ചർച്ചയായില്ല. കേരളത്തിനൊപ്പമാണ് കേന്ദ്രമെന്ന് ചൊവ്വാഴ്ച പാർലമെൻറിൽ നടന്ന ഉപധനാഭ്യർഥന ചർച്ചയിൽ ധനമന്ത്രി വ്യക്തമാക്കിയിരുന്നു. കൂടിക്കാഴ്ച സംബന്ധിച്ച വിവരങ്ങൾ മുഖ്യമന്ത്രി അറിയിക്കുമെന്ന് സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി കെ. വി. തോമസ് അറിയിച്ചു.

# പരിഹരിക്കപ്പെടാത്ത വിഷയങ്ങൾ:

## ഏപ്രിൽ 30 നകം തിരഞ്ഞെടുപ്പ് കമ്മീഷനെ അഭിപ്രായം അറിയിക്കണം

ഇ.ആർ.ഒ, ഡി.ഇ.ഒ അല്ലെങ്കിൽ സി.ഇ.ഒ തലങ്ങളിൽ പരിഹരിക്കപ്പെടാത്ത വിഷയങ്ങളിൽ ഏപ്രിൽ 30-നകം എല്ലാ ദേശീയ, സംസ്ഥാന രാഷ്ട്രീയ പാർട്ടികളും നിർദ്ദേശങ്ങൾ നൽകണമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വിവിധ കക്ഷികളുടെ പ്രസിഡന്റുമാരുമായും പാർട്ടിയിലെ മുതിർന്ന അംഗങ്ങളുമായും ആശയവിനിമയം നടത്താനുള്ള താത്പര്യവും കമ്മീഷൻ അറിയിച്ചു.

സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ സിഇഒമാർ, ഡിഇഒമാർ, ഇആർഒമാർ രാഷ്ട്രീയ പാർട്ടികളുമായി പതിവായി ആശയവിനിമയം നടത്തണമെന്ന് ഇലക്ഷൻ കമ്മീഷൻ അടുത്തിടെ വിളിച്ചു ചേർത്ത സമ്മേളനത്തിൽ നിർദേശിച്ചിരുന്നു.

അത്തരം യോഗങ്ങളിലെ നിർദ്ദേശങ്ങൾ നിയമപരമായ ചട്ടക്കൂടിനുള്ളിൽ പരിഹരിക്കണമെന്നും മാർച്ച് 31നകം കമ്മീഷന് നടപടി റിപ്പോർട്ട് സമർപ്പിക്കണമെന്നും ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുൾപ്പെടെയുള്ള വിഷയങ്ങൾ ചൂണ്ടിക്കാട്ടി ഇലക്ഷൻ കമ്മീഷൻ രാഷ്ട്രീയ കക്ഷികൾക്ക് കത്ത് അയച്ചിരുന്നു.

# പ്രാദേശിക അവധി

വെള്ളനാട് ശ്രീഭഗവതി ക്ഷേത്രത്തിലെ മീനഭരണി മഹോത്സവത്തോടനുബന്ധിച്ച് ഏപ്രിൽ ഒന്നിന് വെള്ളനാട് ഗ്രാമപഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി അനുവദിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. മുൻനിശ്ചയിച്ച പൊതുപരീക്ഷകൾക്ക് അവധി ബാധകമല്ല.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA

2025 March 13 Thursday



# കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സാപ്പിഴവെന്ന് പരാതി; ശസ്ത്രക്രിയക്ക് പിന്നാലെ സ്ത്രീ മരിച്ചു

കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളജിൽ ശസ്ത്രക്രിയയ്ക്കിടെയുണ്ടായ പിഴവിനെ തുടർന്ന് രോഗി മരിച്ചെന്ന് പരാതി. പേരാമ്പ്ര സ്വദേശി വിലാസിനി(57) ആണ് മരിച്ചത്.

കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലെ ഒപിയിൽ ചികിത്സ തേടിയ വിലാസിനിയെ ഡോക്ടർമാരുടെ നിർദേശപ്രകാരമാണ് കഴിഞ്ഞ ചൊവ്വാഴ്ച ഗർഭപാത്രം നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. വെള്ളിയാഴ്ച ശസ്ത്രക്രിയ നടത്തി. ശസ്ത്രക്രിയക്കിടെ വിലാസിനിയുടെ കുടലിന് ചെറിയ മുറിവ് പറ്റിയതായും തുന്നലിട്ടതായും ഡോക്ടർമാർ ബന്ധുക്കളെ അറിയിച്ചിരുന്നു.

പിന്നീട് വാർഡിലേക്ക് മാറ്റിയ രോഗിക്ക് ഡോക്ടർമാരുടെ നിർദേശപ്രകാരം ഞായറാഴ്ച കട്ടിയുള്ള ആഹാരം നൽകി. ഇതിന് ശേഷം വയറുവേദന അനുഭവപ്പെട്ടതോടെ ഡോക്ടർമാരെ വിവരം അറിയിച്ചെന്നും ഗ്യാസ്ട്രബിളിന്റെ പ്രശ്നമാണെന്ന് പറഞ്ഞ് മരുന്ന് നൽകിയെന്നുമാണ് ബന്ധുക്കൾ പറയുന്നത്.

വൈകുന്നേരം രോഗിയെ ഐസിയുവിലേക്ക് മാറ്റി. അണുബാധ ഉള്ളതിനാൽ വീണ്ടും ശസ്ത്രക്രിയ നടത്തണമെന്ന് ഡോക്ടർമാർ അറിയിച്ചെന്നും ബന്ധുക്കൾ പറയുന്നു.

കുടലിൽ മുറിവുണ്ടായ സ്ഥലത്താണ് അണുബാധയെന്നും അണുബാധയുള്ള ഭാഗം മുറിച്ച് കളയണമെന്നാണ് പിന്നീട് ഡോക്ടർമാർ ബന്ധുക്കളെ അറിയിച്ചത്.

ശസ്ത്രക്രിയക്ക് ശേഷം രോഗിയുടെ ആരോഗ്യസ്ഥിതി മോശമാവുകയും വെൻറിലേറ്ററിലേക്ക് മാറ്റുകയും ചെയ്തു. അണുബാധ കരളിലേക്ക് ഉൾപ്പടെ ബാധിച്ചുവെന്ന വിവരമാണ് പിന്നീട് ആശുപത്രിയിൽനിന്ന് ലഭിച്ചത്.

സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റാനും ഡോക്ടർമാർ അനുവദിച്ചില്ല. ചികിത്സാപിഴവാണ് മരണകാരണമെന്ന് കാട്ടി ബന്ധുക്കൾ ആശുപത്രി സൂപ്രണ്ടിനും മെഡിക്കൽ കോളജ് പോലീസിലും പരാതി നൽകിയിട്ടുണ്ട്. അതേസമയം, ചികിത്സാപിഴവ് ഉണ്ടായിട്ടില്ലെന്നാണ് ആശുപത്രി അധികൃതരുടെ വാദം.

# വയനാട് ടൗൺഷിപ്പ് തറക്കല്ലിടൽ 27ന്

തിരുവനന്തപുരം: വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി നിർമിക്കുന്ന ടൗൺഷിപ്പിലെ വീടുകളുടെ തറക്കല്ലിടൽ 27നു നടത്തുമെന്ന് റവന്യു മന്ത്രി കെ. രാജൻ നിയമസഭയിൽ അറിയിച്ചു.

കൽപ്പറ്റ നഗരസഭയിലെ എൽസ്റ്റൺ എസ്റ്റേറ്റിലാണ് ടൗൺഷിപ്പ് നിർമിക്കുന്നത്. തറക്കല്ലിടലോടെ നിർമാണപ്രവർത്തനങ്ങളിലേക്കു കടക്കുമെന്നും മന്ത്രി അറിയിച്ചു. ഏഴു സെൻറ് ഭൂമി വീതമുള്ള 430 വീടുകളാണ് എൽസ്റ്റൺ എസ്റ്റേറ്റിൽ നിർമിക്കുന്ന്.

ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായ 32 പേരെ മരിച്ചതായി കണക്കാക്കി മരണസർട്ടിഫിക്കറ്റ് ഇന്നുമുതൽ വിതരണം ചെയ്യും. ദുരന്തത്തെത്തുടർന്നു ജീവനോപാധി അടക്കം എല്ലാം നഷ്ടമായ ജീപ്പ് ഡ്രൈവർമാർ അടക്കമുള്ളവരെ പുനരധിവസിപ്പിക്കും.

തുടർചികിത്സ ആവശ്യമായവർക്ക് ചികിത്സ നൽകും. ഇവരുടെ മുഴുവൻ ചികിത്സച്ചെലവും സംസ്ഥാന സർക്കാർ വഹിക്കും. തകർന്ന റോഡുകളും പാലങ്ങളുമടക്കം പുനർനിർമിക്കും. ആറ് ഹെലിപാഡുകൾ നിർമിക്കാൻ പണം അനുവദിച്ചതായും മന്ത്രി രാജൻ പറഞ്ഞു.

ദുരന്തമുണ്ടായി എട്ടു മാസം കഴിഞ്ഞിട്ടും ഗുണഭോക്താക്കളുടെ പട്ടികപോലും തയാറാക്കാൻ സർക്കാരിനു കഴിഞ്ഞിട്ടില്ലെന്നും തയാറാക്കിയ ആദ്യഘട്ട പട്ടികയിൽ തന്നെ 43 പരാതികൾ ഇപ്പോഴും നിലനിൽക്കുന്നതായും ആരോപിച്ചു പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി.

രണ്ടാംഘട്ട ഗുണഭോക്തൃപട്ടിക പൂർത്തിയാക്കാനായിട്ടില്ലെന്നും മൂന്നാംഘട്ട പട്ടികയിൽ ഹിയറിംഗ് നടക്കുകയാണെന്നും അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിയ ടി. സിദ്ദിഖ് ആരോപിച്ചു. എട്ടു മാസമായിട്ടും പുനരധിവാസ പട്ടിക പൂർത്തിയാക്കാൻ കഴിയാത്തത് സംസ്ഥാന സർക്കാരിന്റെ കടുത്ത അനാസ്ഥ മൂലമാണ്. അവിടുത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുക്കാതിരുന്നതാണ് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിച്ചത്.

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിനെ സഹായിക്കാൻ ശ്രമിച്ച പഞ്ചായത്തുകളെ ആക്ഷേപിക്കുന്ന നടപടികളാണു സ്വീകരിച്ചത്. 10 സെൻറ് ഭൂമിയെങ്കിലുമില്ലാതെ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പാക്കരുതെന്നും ടി. സിദ്ദിഖ് ആവശ്യപ്പെട്ടു.

ദുരന്തമുണ്ടായി എട്ടു മാസമായിട്ടും വയനാട്ടിലെ ദുരന്തബാധിതരുടെ പട്ടിക തയാറാക്കാൻ സർക്കാരിനു കഴിയാത്തതും പരിക്കേറ്റവർക്ക് ചികിത്സ നൽകാൻ കഴിയാത്തതും ഗുരുതര തെറ്റാണെന്നു വാക്കൗട്ട് പ്രസംഗത്തിൽ പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ ആരോപിച്ചു.

കുട്ടികളുടെ വിദ്യാഭ്യാസത്തിന് എന്തു നടപടിയാണു സ്വീകരിച്ചത്. ദുരന്തബാധിതർക്ക് ചികിത്സാസഹായമോ ജീവനോപാധികളോ കൃഷിസ്ഥലമോ നൽകാതെയാണ് ആറ് ഹെലിപാഡുകൾ പണിയാൻ പണം നൽകിയതെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, കെ. കെ. രമ തുടങ്ങിയവരും വാക്കൗട്ട് പ്രസംഗം നടത്തി.

# 50,000 കോടി രൂപയുടെ വൈദ്യുതി ഉത്പാദന പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് 50, 000 കോടി രൂപയുടെ വൈദ്യുതി ഉത്പാദന പദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി. നിയമസഭയിൽ ധനാഭ്യർഥന ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തെ ജലാശയങ്ങളിൽ 6000 മെഗാവാട്ട് വൈദ്യുതോത്പാദനം ലക്ഷ്യമിടുന്ന ഫ്ളോട്ടിംഗ് സോളാർ പദ്ധതി, കേരളത്തിന്റെ വ്യവസായ പുരോഗതിയ്ക്ക് അനിവാര്യമായ ഊർജ ലഭ്യത ഉറപ്പ് വരുത്താനായി ക്യാപ്റ്റീവ് പവർ പ്ലാൻറ്, ഇൻഡിപെൻഡൻറ് പവർ പ്ലാൻറ് മാതൃകകൾ നടപ്പിലാക്കുന്നതും കായംകുളത്ത് എൻടിപിസിയുടെ കൈവശമുള്ള സ്ഥലത്ത് 2000 മെഗാവാട്ട് ഹവർ ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനം സ്ഥാപിക്കുന്നതും ഉൾപ്പെടെയാണിത്. കൂടാതെ 110 മെഗാവാട്ടിന്റെ ജലവൈദ്യുതപദ്ധതികളും പൂർത്തിയാക്കും. കൂടാതെ വൈകുന്നേരങ്ങളിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് അനുയോജ്യമായ ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി 500 മെഗാവാട്ട് അവർ ശേഷിയുള്ള ബാറ്ററി സംവിധാനം നടപ്പിലാക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഇതിനു പുറമേ, മറ്റൊരു ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനത്തിനായി 500 മെഗാവാട്ട് ഹവർ ശേഷിയുള്ള ബാറ്ററി സംവിധാനം നടപ്പിലാക്കുന്നതിനുള്ള ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. 135 കോടി രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

വേനൽക്കാലത്തെ വൈദ്യുതി കമ്മി പരിഹരിക്കാൻ പഞ്ചാബ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ നിന്ന് 500 മെഗാവാട്ടും ഹിമാചൽപ്രദേശിൽ നിന്ന് 150 മെഗാവാട്ടും കൈമാറ്റകരാർ വ്യവസ്ഥയിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചതായും മന്ത്രി അറിയിച്ചു.

# മുതിർന്ന അംഗങ്ങളടക്കമുള്ളവർ ചോദ്യോത്തരവേളയിൽ സമയക്രമം പാലിക്കണമെന്ന് സ്പീക്കർ

തിരുവനന്തപുരം: ചോദ്യോത്തരവേളയിൽ അംഗങ്ങൾ ചോദ്യം ചോദിക്കുന്നതിനു കൂടുതൽ സമയം ഉപയോഗിക്കുന്നുവെന്നും ഇതുമൂലം മന്ത്രിമാർക്ക് ഉത്തരം പറയാൻ സമയം കിട്ടാതെ വരികയാണെന്നും സ്പീക്കർ എ. എൻ. ഷംസീർ.

മുതിർന്ന അംഗങ്ങളടക്കമുള്ളവർ സമയക്രമം പാലിക്കണം. കൂടുതൽ കാലം സാമാജികരായിരുന്ന അംഗങ്ങൾ ചോദ്യം ചോദിക്കുന്നതിന് ഒന്നര മിനിറ്റു വരെ എടുക്കുന്നുണ്ട്. ഇത് അംഗീകരിക്കാനാകില്ലെന്നും സ്പീക്കർ പറഞ്ഞു.

ഇന്നലെ ചോദ്യോത്തരവേള പത്തു മണിക്ക് അവസാനിപ്പിക്കേണ്ടതായിരുന്നെങ്കിലും മുതിർന്ന അംഗമായ അനൂപ് ജേക്കബിനു സ്പീക്കർ സമയം അനുവദിച്ചു. അദ്ദേഹം സംസാരിക്കുന്നതിനിടെ വേഗത്തിൽ ചോദിക്കണമെന്നു സ്പീക്കർ നിർദേശിച്ചു. ഇത് അനൂപ് ജേക്കബിനോടുള്ള അവഹേളനമാണെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ പറഞ്ഞു. എന്നാൽ, താൻ ആരെയും അവഹേളിച്ചിട്ടില്ലെന്നും സമയത്തെക്കുറിച്ച് ഓർമിപ്പിക്കുകയാണു ചെയ്തതെന്നും സ്പീക്കർ മറുപടി നൽകി.

ഇതിനിടെ ഭരണ-പ്രതിപക്ഷ എംഎൽഎമാർ ബഹളവുമുണ്ടാക്കി. സ്പീക്കർ ഇരുപക്ഷത്തോടും ഇരിക്കാൻ ആവശ്യപ്പെട്ടു. തുടർന്നു സംസാരിച്ച മന്ത്രി പി. രാജീവ് പ്രതിപക്ഷം തുടർച്ചയായി സ്പീക്കറുടെ അധികാരം ചോദ്യംചെയ്യുന്ന നടപടി ഉണ്ടാകുന്നതായി കുറ്റപ്പെടുത്തി.

## ബുക്ക് ബൈൻഡിങ് ഇൻസ്ട്രക്ടർ നിയമനം

സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ബുക്ക് ബൈൻഡിങ് ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനം നടത്തുന്നു. ഒരു ഒഴിവാണുള്ളത്. എസ്.എസ്.എൽ.സി, പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിങ് കോഴ്സ് (ബുക്ക് ബൈൻഡിങ്) ആണ് വിദ്യാഭ്യാസ യോഗ്യത. പ്രായപരിധി 50 വയസ്. പ്രതിദിന ഓണറേറിയം 730 രൂപ. താൽപര്യമുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റ, അസൽ സർട്ടിഫിക്കറ്റുകൾ, ആധാർ ആയതിന്റെ പകർപ്പുകൾ എന്നിവ സഹിതം മാർച്ച് 14 രാവിലെ 10.30 ന് പൂജപ്പുര സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിനുള്ളിലുള്ള ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ വാക്ക്-ഇൻ ഇന്റർവ്യൂവിന് ഹാജരാകണം. സാമൂഹ്യനീതി ഡയറക്ടറുടെ ഉത്തരവുകൾക്ക് വിധേയമായായിരിക്കും നിയമനം. ഇന്റർവ്യൂവിനെത്തുന്ന ഉദ്യോഗാർഥികൾക്ക് യാത്രബത്തയും അനുവദിക്കില്ല. വിശദ വിവരങ്ങൾക്ക് പൂജപ്പുരയിലുള്ള ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : 0471-2343618, 0471-2343241.

# പോലീസ് ജീപ്പിടിച്ച് അപകടം; വഴിയോര കച്ചവടക്കാരൻ മരിച്ചു; നാല് പേർക്ക് പരിക്ക്

വയനാട്: മാനന്തവാടി വള്ളിയൂർക്കാവിൽ പോലീസ് ജീപ്പ് അപകടത്തിൽപ്പെട്ട് ഒരാൾ മരിച്ചു. വഴിയോര കച്ചവടക്കാരനായ ശ്രീധരനാണ് മരിച്ചത്. അപകടത്തിൽ നാല് പേർക്ക് പരിക്കുണ്ട്.

തലശേരി മാഹി സ്വദേശി പ്രബീഷ്, പോലീസ് ഉദ്യോഗസ്ഥരായ കെ. ബി. പ്രശാന്ത്, ജോളി സാമുവൽ, വി. കൃഷ്ണൻ എന്നിവർക്കാണ് പരിക്കേറ്റത്. വൈകുന്നേരം മൂന്നോടെയാണ് അപകടം.

അമ്പലവയൽ പോലീസിന്റെ ജീപ്പാണ് അപകടത്തിൽപ്പെട്ടത്. വഴിയോര കച്ചവടക്കാരനെ ഇടിച്ച് തെറിപ്പിച്ചതിന് ശേഷം ജീപ്പ് മറിയുകയായിരുന്നു. കണ്ണൂരിൽനിന്ന് മോഷണക്കേസ് പ്രതിയുമായി വന്ന വാഹനം ബത്തേരിയിലെ കോടതിയിലേക്ക് പോകുമ്പോഴാണ് അപകടം.

# ആശുപത്രിയിൽ ഫാർമസിസ്റ്റ് ഇല്ല: കുത്തിയിരിപ്പ് സമരം നടത്തി

അഞ്ചൽ: അഞ്ചൽ പഞ്ചായത്തിന്റെ പനയഞ്ചേരി ഹോമിയോ ആശുപത്രിയിൽ മരുന്ന് എടുത്ത് നൽകാൻ ഫാർമസിസ്റ്റ് ഇല്ല. പലതവണ പഞ്ചായത്ത് ഭരണസമിതിയിൽ ഇക്കാര്യം ഉന്നയിച്ചിട്ടും നടപടി ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ തോയിത്തല മോഹനൻ പഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസിന് മുന്നിൽ കുത്തിയിരിപ്പ് സമരം നടത്തി.

ഫാർമസിസ്റ്റ് ഇല്ലാത്തതിനാൽ ആശുപത്രിയുടെ പ്രവർത്തനം പ്രതിസന്ധിയിലാണ്. കഴിഞ്ഞ നാലുവർഷമായി ഭരണസമിതി യോഗത്തിൽ വിഷയം ഉന്നയിച്ചു വരികയായിരുന്നു. പഞ്ചായത്ത് അഭിമുഖ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. എന്നാൽ നിയമനം നടത്തിയില്ല. ഫാർമസിസ്റ്റ് ഇല്ലാത്തതിനാൽ അറ്റൻഡറും സ്വീപ്പറുമാണ് മരുന്നുകൾ എടുത്ത് നൽകുന്നത്.

മരുന്നിന്റെ സ്റ്റോക്കിൽ അടുത്തിടെ വലിയ കുറവ് കണ്ടെത്തിയിരുന്നു. ഇതെല്ലാം ചൂണ്ടിക്കാട്ടിയിട്ടും നടപടിയെടുത്തില്ല. അഭിമുഖം നടന്നതോടെ ഉപതെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നു. അതിനാലാണ് നിയമനം വൈകിയതെന്നും ഈയാഴ്ച നിയമനം നടക്കുമെന്നും പഞ്ചായത്ത് പ്രസിഡൻറ് എ. നൗഷാദ്, സെക്രട്ടറി രഞ്ജൻ എന്നിവർ പറഞ്ഞു.

# വടക്കാഞ്ചേരി ലൈഫ് മിഷൻ ഫ്ളാറ്റ് നിർമാണം; നിയമവശം പരിശോധിച്ചു പൂർത്തിയാക്കുമെന്നു മന്ത്രി

തിരുവനന്തപുരം: വടക്കാഞ്ചേരിയിലെ ലൈഫ് മിഷൻ ഫ്ളാറ്റിന്റെ നിർമാണം എത്രയുംവേഗം പൂർത്തിയാക്കുമെന്നു മന്ത്രി എം. ബി. രാജേഷ്. നിയമവശങ്ങൾ പരിശോധിച്ചാകും നിർമാണം പുനരാരംഭിക്കാനുള്ള നടപടിയെന്നും സേവ്യർ ചിറ്റിലപ്പിള്ളിയുടെ സബ്മിഷന് മറുപടിയായി മന്ത്രി നിയമസഭയിൽ അറിയിച്ചു.

റവന്യു വകുപ്പിന്റെ കൈവശമുണ്ടായിരുന്ന 2.17 ഏക്കർ സ്ഥലം ലൈഫ് പദ്ധതിയിലെ പാർപ്പിടസമുച്ചയത്തിനായി 2017ൽ വടക്കാഞ്ചേരി നഗരസഭയ്ക്കു കൈമാറി. പാർപ്പിട സമുച്ചയ നിർമാണത്തിന് യുഎഇ റെഡ് ക്രസൻറുമായി 2019ൽ ധാരണയുണ്ടാക്കി.

അവർ യൂണിടാക്കിനെയാണ് നിർമാണ പ്രവർത്തനം ഏൽപ്പിച്ചത്. എന്നാൽ, കോവിഡ് മൂലം നിർമാണം തടസപ്പെട്ടു. പിന്നീട് കേസുമായി ബന്ധപ്പെട്ട് ഇഡി, സിബിഐ അന്വേഷണവുമുണ്ടായി. അതോടെ നിർമാണ പ്രവർത്തനം മുടങ്ങി. കേസുകളിൽ അന്തിമതീരുമാനമുണ്ടായിട്ടില്ല. സംസ്ഥാന വിജിലൻസ് വിദഗ്ധരെ ഉൾപ്പെടുത്തി നടത്തിയ പരിശോധനയിൽ നിർമിതിക്ക് ബലക്കുറവൊന്നുമില്ലെന്നു കണ്ടെത്തി. ഇതുമായി ബന്ധപ്പെട്ട തുടർ നടപടി പരിശോധിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു.

യുഎഇ കോൺസുലേറ്റ് ഉൾപ്പെട്ട സ്വർണക്കടത്തു കേസുമായി ബന്ധപ്പെട്ടു വടക്കാഞ്ചേരി ലൈഫ് മിഷൻ ഫ്ളാറ്റും ഏറെ വിവാദത്തിലായിരുന്നു.

# കോതമംഗലത്ത് ഭർത്താവ് ഭാര്യയെ തലയ്ക്കടിച്ച് കൊലപ്പെടുത്തി

കോതമംഗലം: കുട്ടമ്പുഴയിൽ ഭർത്താവ് ഭാര്യയെ തലയ്ക്കടിച്ച് കൊലപ്പെടുത്തി. എളമ്പശേരി സ്വദേശി മായ ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ഇവരുടെ ഭർത്താവ് ജിജോ ജോണിനെ പോലീസ് കസ്റ്റഡിയിലെടുത്തു.

ഇന്ന് പുലർച്ചെയാണ് സംഭവം. വീട്ടിലെത്തിയ ആശാവർക്കർമാരാണ് മായയെ മരിച്ച നിലയിൽ കണ്ടെത്തിയത്.

ചൊവ്വാഴ്ച രാത്രി ഇരുവരും തമ്മിൽ തർക്കമുണ്ടായി. ഇതിനിടെ ഭാര്യയുടെ തലയ്ക്ക് അടിക്കുകയായിരുന്നെന്ന് പ്രതി പോലീസിൽ മൊഴി നൽകി. കുട്ടമ്പുഴ പോലീസ് സ്ഥലത്ത് പരിശോധന തുടരുകയാണ്.

കൊലപാതകത്തിന് കാരണം എന്താണെന്ന് വ്യക്തമല്ല. മായ ആദിവാസി വിഭാഗത്തിൽപ്പെട്ട സ്ത്രീയാണ്. ഇരുവരും സ്നേഹിച്ച് വിവാഹം കഴിച്ചവരാണ്.

# ആദിവാസി യുവതിയുടെ മരണം കൊലപാതകം; ഭർത്താവ് കസ്റ്റഡിയിൽ

കണ്ണൂർ: ആദിവാസി യുവതിയെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകമെന്ന് തെളിഞ്ഞു. കണ്ണൂർ ഇരിക്കൂർ ഊരത്തൂരിൽ രജനി മരിച്ച സംഭവത്തിൽ ഭർത്താവ് ബാബുവിനെ പോലീസ് കസ്റ്റഡിയിലെടുത്തു.

ഭർത്താവിന്റെ മർദനത്തെ തുടർന്നാണ് യുവതി മരിച്ചതെന്ന് പോലീസ് കണ്ടെത്തിയിരുന്നു. ഞായറാഴ്ച രാത്രി രജനിയും ബാബുവും തമ്മിൽ വഴക്കുണ്ടായിരുന്നു. ഇതിനിടെയാണ് മർദനമേറ്റതെന്നാണ് പോലീസിന്റെ നിഗമനം.

ആന്തരികാവയവങ്ങൾക്കേറ്റ പരിക്കാണ് മരണ കാരണമെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത്. വയനാട് തവിഞ്ഞാൽ സ്വദേശിയായ രജനി ഭർത്താവിനും മക്കൾക്കുമൊപ്പം കശുവണ്ടി തോട്ടത്തിൽ ജോലിക്ക് വന്നതായിരുന്നു.

# കൊച്ചിയിൽ രണ്ടു കുട്ടികൾക്ക് മസ്തിഷ്ക ജ്വരം; രോഗലക്ഷണവുമായി മൂന്നുപേർ

കൊച്ചി: കളമശേരിയിൽ മസ്തിഷ്ക ജ്വര ലക്ഷണങ്ങളുമായി ആശുപത്രിയിൽ പ്രവേശിപ്പിച്ച അഞ്ചു വിദ്യാർഥികൾ ചികിത്സയിൽ തുടരുന്നു. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും കുട്ടികളുടെ ആരോഗ്യനില തൃപ്തികരമാണെന്നും എറണാകുളം ഡിഎംഒ അറിയിച്ചു.

കുട്ടികളുടെ പരിശോധനാ ഫലം ഇന്ന് പുറത്ത് വന്നേക്കും. കൊച്ചിയിലെ രണ്ട് സ്വകാര്യ ആശുപത്രികളിലായാണ് കുട്ടികൾ ചികിത്സയിൽ തുടരുന്നത്. ഇവർക്കൊപ്പം സ്കൂളിൽ ഉണ്ടായിരുന്ന കുട്ടികളെയും നിരീക്ഷിച്ചു വരികയാണ്. നിലവിലെ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിന്റെ നിർദേശത്തെത്തുടർന്ന് സ്കൂളിൽ അടുത്ത ദിവസം നടക്കേണ്ട പ്രൈമറിതല പരീക്ഷകൾ മാറ്റിവച്ചിട്ടുണ്ട്. സ്കൂൾ താത്കാലികമായി അടച്ചിട്ടിരിക്കുകയാണ്. കളമശേരിയിലെ സെൻറ് പോൾസ് ഇൻറർനാഷണൽ സ്കൂളിലെ അഞ്ച് വിദ്യാർഥികൾക്കാണ് മസ്തിഷ്ക ജ്വരം ഉണ്ടായത്. ഒന്ന്, രണ്ട് ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികളാണ് ചികിത്സയിലുള്ളത്. സ്കൂളിലെ രക്ഷിതാക്കളിൽനിന്ന് രോഗവിവരമറിഞ്ഞതിനെ തുടർന്ന് കളമശേരി പ്രൈമറി ഹെൽത്ത് സെൻറർ അധികൃതരാണ് ഡിഎംഒയെ വിവരമറിയിച്ചത്. അതേസമയം കുട്ടികൾക്ക് എവിടെനിന്നാണ് രോഗം പകർന്നതെന്ന് ഇനിയും വ്യക്തമായിട്ടില്ല.



പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള ഹെൽത്ത് കാർഡിന്റെ വിതരണോദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു. പട്ടികജാതി വികസന വകുപ്പ് മന്ത്രി ഒ ആർ കേളു സമീപം

# കരുവന്നൂർ ബാങ്ക് തട്ടിപ്പ്: നിക്ഷേപകർക്ക് സ്വത്തുക്കൾ തിരിച്ചുനൽകാൻ ഇ ഡി കോടതിയെ സമീപിച്ചു

കൊച്ചി : കരുവന്നൂർ സഹകരണ ബാങ്ക് വ്യാജ വായ്പ കേസിൽ കണ്ടുകെട്ടിയ സ്വത്തുക്കൾ നിക്ഷേപകർക്ക് തിരിച്ചുനൽകുന്നതിനു കോടതിയെ സമീപിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി). കണ്ടുകെട്ടിയ സ്വത്തുക്കൾ ബാങ്കിനു വിട്ടുനൽകാൻ തയാറാണെന്ന ഇ.ഡി.യുടെ നിലപാടിൽ മറുപടി സമർപ്പിക്കാൻ പിഎംഎൽഎ (പ്രിവൻഷൻ ഓഫ് മണി ലോണ്ടറിങ്ങ് ആക്ട്) കോടതി ബാങ്കിന് നിർദേശം നൽകി. ഇ.ഡി. നിലപാട് അറിയിച്ചിട്ടും സ്വത്തുക്കൾ സ്വീകരിക്കുന്നതു സംബന്ധിച്ചു ബാങ്ക് മറുപടി നൽകാൻ തയാറാകാത്ത സാഹചര്യത്തിലാണ് കോടതി വഴിയുള്ള നീക്കം.

ഇ.ഡി. കണ്ടുകെട്ടിയ സ്വത്തുക്കൾ ബാങ്കിനു കൈമാറിയാൽ പണം നഷ്ടപ്പെട്ട നിക്ഷേപകർക്കു തിരികെ നൽകാൻ സാധിക്കുമോ എന്നാണ് ബാങ്ക് അറിയിക്കേണ്ടത്. ബാങ്കിനും കേസിലെ 55 പ്രതികൾക്കുമാണ് കലൂർ പിഎംഎൽഎ കോടതി നോട്ടിസ് അയച്ചിരിക്കുന്നത്. പ്രതികളുടെ 128 കോടിയുടെ സ്വത്തുക്കൾ ഇ.ഡി. നേരത്തെ കണ്ടു കെട്ടിയിരുന്നു. ഇതിൽ സിപിഎം തൃശൂർ ജില്ലാ കമ്മിറ്റിയുടെ പേരിലുള്ള ഭൂമിയും വിവിധ ഘടകങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലെ നിക്ഷേപവും ഉൾപ്പെടും.

# കുട്ടികൾക്കുള്ള അവധിക്കാല കോഴ്സുകളിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു

തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളജിലെ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെല്ലിന്റെ കീഴിൽ അഞ്ചാം ക്ലാസ് മുതലുള്ള കുട്ടികൾക്കായി ആരംഭിക്കുന്ന അവധികാല കോഴ്സുകളിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. IT SIP ( First step with the Computer, e-Kids) എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് നേരിട്ടോ 0471-2490670 എന്ന നമ്പരിലോ ബന്ധപ്പെടാം.